# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 23 ജൂൺ 2018 ലക്കം 6

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

ശ്രീ.ആർക്കാഞ്ചലോ.എം.

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- ഏകോപനം വികേന്ദ്രീകൃത പ്രവർത്തന പശ്ചാത്തലത്തിൽ(എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്സ് ഡയറി - ജൂൺ
- ബിഷപ്സ് ഡയറി - ജൂൺ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ഓഖി: പ്രവർത്തന റിപ്പോർട്ട്
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# ഏകോപനം വികേന്ദ്രീകൃത പ്രവർത്തന പശ്ചാത്തലത്തിൽ

ഫലവത്തായ സുവിശേഷവല്ക്കരണമാണല്ലോ അതിരൂപതയിലെ ശുശ്രൂഷാ സംവിധാനങ്ങളുടെ പ്രവർത്തന ലക്ഷ്യം. പ്രവർത്തനങ്ങൾ കൂടുതൽ ഫലവത്താക്കുന്നതിനുവേണ്ടി ഫൊറോനാ വികേന്ദ്രീകൃത ശൈലി കൂടുതൽ ശക്തിപ്പെടുത്താൻ അതിരൂപത ശ്രമിക്കുന്ന പുതിയ ഒരു പശ്ചാത്തലമാണ് ഇന്നുള്ളത്. ചെറു ബിസിസി കൂട്ടായ്മകൾ മുതൽ അതിരൂപത വരെയുള്ള തലങ്ങളിൽ ശുശ്രൂഷാ സംവിധാനങ്ങളുടെ വിവിധ പ്രവർത്തനങ്ങളെ സുവിശേഷവല്ക്കരണം എന്ന ലക്ഷ്യത്തിലേയ്ക്ക് ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് കൂട്ടായി യത്നിക്കുകയാണ് നാം ഇന്ന്. രൂപത കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾ പരമാവധി കുറച്ച്, ഫൊറോന, ഇടവക തലങ്ങളിൽ വികേന്ദ്രീകരണ ശൈലി വഴി അടിസ്ഥാന കൂട്ടായ്മകളിലെ ഓരോ വ്യക്തിയെയും കുടുംബത്തെയും സ്പർശിക്കുന്നവിധം ഇടവകകളിലെ ശുശ്രൂഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാം എന്നതാണ് നമ്മുടെ പ്രതീക്ഷ.

വികേന്ദ്രീകരണത്തിലൂടെ ശുശ്രൂഷകരുടെ ഉത്തരവാദിത്തങ്ങളിലുള്ള പങ്കാളിത്തം സജ്ജീവമാകും. അതോടൊപ്പം, ശുശ്രൂഷാ പ്രവർത്തനങ്ങൾ വൈവിധ്യമുള്ളതും വിപുലവുമായിത്തീരുകയും ചെയ്യും. വികേന്ദ്രീകൃത ശൈലിയിൽ പ്രാവർത്തികമാക്കുന്ന വിവിധങ്ങളായ ശുശ്രൂഷകളെ ഒരേ ലക്ഷ്യത്തിലേയ്ക്ക് ഏകോപിപ്പിക്കുക എന്നത് മുഖ്യമായ ഒന്നാണ്. ഈ ദർശനം അതിരൂപതയിലെ എല്ലാ ശുശ്രൂഷാ സമിതി അംഗങ്ങളും അതിന് നേതൃത്വം നല്കുന്നവരും സ്വീകരിക്കുകയും അതിനോട് ഉൾച്ചേർന്ന് പ്രവർത്തിക്കുകയുംചെയ്യേണ്ടതുണ്ട്. അങ്ങനെ, ഈ ദർശന സാക്ഷാത്ക്കാരം ഒരു കൂട്ടുത്തരവാദിത്തമായി മാറണം. ബിസിസി കൂട്ടായ്മകൾ മുതൽ അതിരൂപത വരെയുള്ള തലങ്ങളിൽ എല്ലാ പ്രവർത്തനങ്ങളേയും സുവിശേഷവല്ക്കരണ ലക്ഷ്യത്തിലേയ്ക്ക് ഏകോപിപ്പിക്കുക എന്നത് എല്ലാ തലങ്ങളിലും നേതൃത്വത്തിലുള്ളവരുടെ കൂട്ടുത്തരവാദിത്തമാണ്.



ശുശ്രൂഷകളുടെ ഏകോപനം ഇടവകതലത്തിൽ, വികാരി വിവിധ ശുശ്രൂഷാ ലീഡർമാരുടെയും പാരീഷ് കൗൺസിൽ- ഫിനാൻസ് കമ്മിറ്റി എന്നിവരുടെയും സഹകരണത്തോടെ നിർവ്വഹിക്കുന്നു; ഇത് ഫൊറോന തലത്തിൽ, ഫൊറോന വികാരി, വിവിധ ശുശ്രൂഷകളുടെ ഫൊറോന വൈദിക കോഓർഡിനേറ്റർ, ഫൊറോന ആനിമേറ്റർ, ഫൊറോന കൗൺസിൽ എന്നിവരുടെ സഹകരണത്തോടെയും നിർവ്വഹിക്കുന്നു. അതിരൂപതാ തലത്തിലാകുമ്പോൾ ഇത്, വിവിധ ശുശ്രൂഷകളുടെ അതിരൂപതാ ഡയറക്ടർമാരുടെ സഹകരണത്തോടെയാണ് നിർവ്വഹിക്കപ്പെടേണ്ടത്.

ഏകദേശം ഒരു വർഷക്കാലമായി, ഫൊറോനാ വികേന്ദ്രീകൃത പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ട്, ഈ പ്രാദേശിക സമൂഹത്തിന്റെ സമഗ്ര വളർച്ചയിലൂടെ സുവിശേഷ വല്ക്കരണം ലക്ഷ്യമാക്കുന്ന പുതിയ ശൈലിക്കായുള്ള ശ്രമം നാം തുടർന്നു വരികയാണ്. ഇതിനായി, വിവിധ തലങ്ങളിലുള്ള വർക്ക് നിരവധി പരിശീലനങ്ങളും പഠനങ്ങളും നല്കി. ഫെറോന വികേന്ദ്രീകൃത പ്രവർത്തന ശൈലി കൂടുതൽ ഫലപ്രദമാക്കുക ഇന്നത്തെ നമ്മുടെ ഒരു പ്രധാന ആഭിമുഖ്യമാണ്.

അതിരൂപത പ്രതീക്ഷിക്കുന്നവിധമുള്ള ഫൊറോനാ വികേന്ദ്രീകൃത ശൈലിയിലുള്ള ശുശ്രൂഷാ പ്രവർത്തനങ്ങളുടെ ഏകോപനം ശുശ്രൂഷാ ഡയറക്ടർ- എക്സിക്യൂട്ടീവ് സെക്രട്ടറിമാർ, ഫൊറോനവികാരിമാർ, ശുശ്രൂഷകളുടെ ഫൊറോന വൈദിക കോഓർഡിനേറ്റർമാർ, ആനിമേറ്റർമാർ എന്നിവരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അകമഴിഞ്ഞ സഹകരണത്തോടെ മാത്രമേ യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. ഇതൊരു കൂട്ടുത്തരവാദിത്തവും കൂട്ടായ്മയിലുള്ള ആഴപ്പെടലുമാണ്.

ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്തങ്ങളുടെ ആത്മാർഥമായ നിർവ്വഹണത്തിലൂടെ സുവിശേഷവല്ക്കരണത്തിൽ പങ്കാളികളാകാനുള്ള നമ്മുടെ ശ്രമത്തെ പരിശുദ്ധാത്മാവ് നയിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

എഡിറ്റർ

## ARCHBISHOP'S DIARY, JUNE 2018

| | | | |
|---|---|---|---|
| 03 | SUN | 07.30 am | Confirmation, Poonthura |
| | | 02.30 pm | Episcopal Ordination, Kollam |
| 04 | MON to 07 THU | | ***KCBC at POC*** |
| 10 | SUN | 05.00 pm | Concluding Ceremony of 40 hour Adoration, Palayam |
| 13 | WED | 05.30 pm | Shrine Blessing and Confirmation, Chowara |
| 14 | THU | 11.00 am | Golden Jubilee Celebrations, Vellayambalam |
| 15 | FRI | 11.30 am | Academic Year Inauguration, St. Vincent Seminary |
| 16 | SAT | 05.30 pm | Parochial House Blessing, Poothurai |
| 23 | SAT | 05.30 pm | HOME MISSIOM Conclusion, Ayroor |
| 24 | SUN | 05.00 pm | Mission Cross Conclusion, Palayam |
| 27 WED to JULY 04 WED | | | ***Visit, SOUTH KOREA*** |

**Fr. Shynish Bosco**

Secretary to Archbishop



## AUXILIARY BISHOP'S DIARY, JUNE 2018

| | | | |
|---|---|---|---|
| 01 | FRI | 09.30am | School Academic Inauguration, Palayam |
| 03 | SUN | 02.30 pm | Episcopal Ordination, Kollam |
| 05 | TUE to 07 THU | | ***KCBC at POC*** |
| 10 | SUN | 05.30 pm | HOME MISSION: Conclusion, Nelliyode |
| 12 | TUE | 06.00 pm | Feast Day Eucharistic Celebration, Kamukincode |
| 17 | SAT | 07.00 am | HOME MISSION: Inauguration, Ayroor |
| | | 06.00 pm | Feast Day Eucharistic Celebration, Valiathura |
| 24 | SUN | 07.30 am | Cemetery Blessing, Anjengo |
| | | 05.00 pm | Mission Cross Conclusion, Palayam |
| 30 | SAT | 11.00 am | Feast Day Eucharistic Celebration, St. Paul Sisters |

**Fr. Shynish Bosco**

Secretary to Archbishop

## JUNE 2018

### 1.BIRTHDAYS

| | |
|---|---|
| 1. Rev. Fr. Santhosh Koyickal SAC | 01.06.1983 |
| 2. Rev. Fr. John Victor | 02.06.1975 |
| 3. Rev. Fr. Roshan Richard | 02.06.1975 |
| 4. Rev. Fr. Rajesh Babu | 05.06.1986 |
| 5. Rev. Fr. Danush Pazhagatt OSJ | 05.06.1982 |
| 6. Rev. Fr. Jose G. | 06.06.1969 |
| 7. Rev. Fr. Santhappan M | 07.06.1967 |
| 8. Rev. Fr. Shaju William | 08.06.1971 |
| 9. Rev. Fr. Lenin Fernandez | 08.06.1976 |
| 10. Rev. Fr. Saneesh S.M | 08.06.1987 |
| 11. Rev. Fr. Sunil. C.E OFM Cap | 09.06.1978 |
| 12. Rev. Fr. Karimathil Joye James SJ | 11.06.1953 |
| 13. Rev. Fr. Shaijan Antony OFM Cap | 11.06.1980 |
| 14. Rev. Fr. Sylvester Morais | 12.06.1944 |
| 15. Rev. Fr. Julius Savio K.M. | 12.06.1987 |
| 16. Rev. Fr. Larence Lucas | 14.06.1979 |
| 17. Rev. Fr. Kuzhikkattummyalil Mathew SJ | 14.06.1952 |
| 18. Rev. Fr. Kuriyappilly Christopher, C.Ss.R., | 16.06.1973 |
| 19. Rev. Fr. Raju B. Selvaraj | 17.06.1955 |
| 20. Rev. Fr. Sudheesh .A | 18.06.1986 |
| 21. Rev. Dr. Yesudasan Mathias | 18.06.1965 |
| 22. Rev. Fr. Melcon J. | 19.06.1978 |
| 23. Rev. Fr. Joseph Nicholas OCD | 22.06.1970 |
| 24. Rev. Fr. Bijin Besily | 24.06.1984 |
| 25. Very Rev. Fr. Jude Thaddeus, Ofm Cap | 24.06.1961 |



| | |
|---|---|
| 26. Rev. Fr. John F.J. Manipadam, S.J. | 25.06.1940 |
| 27. Rev. Fr. Jerome Rose P | 26.06.1984 |
| 28. Rev. Dr. Gladin Alex | 27.06.1962 |
| 29. Rev. Fr. Sebastian Elemplasseril CMF | 27.06.1974 |
| 30. Rev.Fr. Jesmon Antony OFM Cap | 27.06.1981 |

### 2.ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Shijo Jose Ayyamala IC | 12.06.2013 |
| 2. Very Rev. Fr. M. Devadoss, S.J. | 12.06.1976 |

### 3.DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Lean Fernandez | 03.06.1987 |
| 2. Rev. Fr. Xavier Lean | 05.06.1973 |
| 3. Bishop Peter Bernard Pereira | 13.06.1978 |
| 4. Rev. Fr. Joseph V. | 13.06.1995 |
| 5. Rev. Fr. John Panakal | 14.06.1985 |
| 6. Rev. Fr. T. J. Stephen | 23.06.1986 |
| 7. Rev. Fr. Joseph Rayappan | 28.06.1988 |
| 8. Rev. Fr. Xavier Braganza | 29.06.1981 |
| 9. Rev. Fr. Francis D'Rozario | 29.06.2007 |

### 4.PERPETUAL DAY ADORATION

| | |
|---|---|
| 1. St. Vincent Seminary, Trivandrum | 01.06.2017 |
| 2. St. John the Baptist Church, Poothura | 04.06.2017 |
| 3. Holy Angels' Convent, Trivandrum | 21.06.2017 |
| 4. St. Michael's Church, Peringamala | 27.06.2017 |

## 5.Election Results – CDP- Trivandrum

The prsbyterium held on 22 of May 2018 elected the following five members to CDP Trivnadrum.

01. Very Rev. Fr. Pancretius A
02. Rev. Dr. Laurence Culas
03. Very Rev. Fr. Andrew Kosmos
04. Very Rev. Msgr. Dr. Nicholas T
05. Rev. Fr. John Bosco J.

## 6.APPOINTMENT ORDERS

Prot. No.2018/AB/213/EO-69/N1

***Appointments PA-1b***

Dated:24 April 2018

**APPOINTMENT ORDER**

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE**

**APOSTOLIC SEE ARCHBISHOP OF TRIVANDRUM**

**Very Rev. Msgr. Dr. Nicholas T.,**
Parish Priest, Madre de Deus Church,
Vettucaud, Titanium P.O.,
Trivandrum - 695 021



Dear Rev. Father,

By virtue of this letter I appoint you to be the

**VICAR FORANE OF PALAYAM VICARIATE**

with all the faculties, duties rights and privileges which pertain to this office according to the Code of Canon Law (cf. Canons 553 to 555) and the Archdiocesan Particular Laws in Decrees, Statutes and Approved Custom.

Please take charge of your new Vicariate Forane on or before the date of appointment noted below after making the Profession of Faith (Canon 833 n.3) and Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) before my Delegate who is requested to receive the same and install you.

Date of appointment to be effected on or before **13th May 2018**

Delegate **Very Rev. Msgr. Eugine H. Pereira**

Yours in Jesus and Mary,

Rev. Dr. Edison Yohannan — † Soosa Pakiam M.,
Chancellor — Archbishop of Trivandrum

**Copy to** :

1) Most Rev. Dr. Christudas R, Auxiliary Bishop of Trivandrum.
2) Very Rev. Msgr. Eugene H. Pereira, Vicar General, Archdiocese of Trivandrum.
3) Very Rev. Dr. George Gomez., Forane Vicar, Palayam Forane
4) To all the Priests of Palayam Forane

Prot. No.2018/AB/213/EO-70/G1
***Appointments PA-1b***
Dated:24 April 2018

**APPOINTMENT ORDER**

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE**

**APOSTOLIC SEE ARCHBISHOP OF TRIVANDRUM**

**Very Rev. Dr. George J. Gomez**
Vicar Forane of Palayam Forane
& Parish Priest, St. Joseph's Metropolitan Cathedral,
Palayam, Vikas Bhavan P.O.,
Trivandrum - 695 033.

Dear Rev. Father,



By virtue of this letter I appoint you to be the

**VICAR FORANE OF PULLUVILA VICARIATE**

with all the faculties, duties rights and privileges which pertain to this office according to the Code of Canon Law (cf. Canons 553 to 555) and the Archdiocesan Particular Laws in Decrees, Statutes and Approved Custom.

Please take charge of your new Vicariate Forane on or before the date of appointment noted below after making the Profession of Faith (Canon 833 n.3) and Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) before my Delegate who is requested to receive the same and install you.

Date of appointment to be effected on or before **13th May 2018**

Delegate **Very Rev. Fr. Joseph Bastian**

Yours in Jesus and Mary,

Rev. Dr. Edison Yohannan — † Soosa Pakiam M.,
Chancellor — Archbishop of Trivandrum

**Copy to** :

1) Most Rev. Dr. Christudas R, Auxiliary Bishop of Trivandrum.
2) Very Rev. Msgr. Eugene H. Pereira, Vicar General, Archdiocese of Trivandrum.
3) Very Rev. Fr. Joseph Bastian Forane Vicar, Pulluvila Forane
4) To all the Priests of Pulluvila Forane

Prot. No.2018/AB/213/EO-82/B1

***Appointments PA-1b***

Dated:24 April 2018

## APPOINTMENT ORDER

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE**

**APOSTOLIC SEE ARCHBISHOP OF TRIVANDRUM**

**Rev. Dr. Baby Bevinson DCL**
Parish Priest, St. Thomas Forane Church,
Thoothoor P.O., K.K. District,
Tamilnadu - 629 176

Dear Rev. Father,

By virtue of this letter I appoint you to be the



**VICAR FORANE OF KOVALAM VICARIATE**

with all the faculties, duties rights and privileges which pertain to this office according to the Code of Canon Law (cf. Canons 553 to 555) and the Archdiocesan Particular Laws in Decrees, Statutes and Approved Custom.

Please take charge of your new Vicariate Forane on or before the date of appointment noted below after making the Profession of Faith (Canon 833 n.3) and Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) before my Delegate who is requested to receive the same and install you.

Date of appointment to be effected on or before **13th May 2018**

Delegate MOST REV. DR. CHRISTUDAS RAJAPPAN

Yours in Jesus and Mary,

Rev. Dr. Edison Yohannan
Chancellor

† Soosa Pakiam M.,
Archbishop of Trivandrum

**Copy to** :

1) Most Rev. Dr. Christudas R, Auxiliary Bishop of Trivandrum.
2) Very Rev. Msgr. Eugene H. Pereira, Vicar General, Archdiocese of Trivandrum.
3) Very Rev. Fr. Justin Judin, Forane Vicar,Kovalam Forane
4) To all the Priests of Kovalm Forane

## 7.APPOINTMENTS & RELIEVING ORDERS

with effect from 13th May 2018

| SL | NAME OF PRIESTS | APPOINTED | RELIEVED |
|---|---|---|---|
| 1 | Rev. Fr. AneeshFernandez | PP, St. Antony's Church, Karakkamandapam | Assistant Director of Anugraha Bhavan, Archdiocesan Retreat Centre |
| 2 | Rev. Fr. Antony Lazer. Ofm Cap | | PP of St. Thomas Church, Valiaveli. |
| 3 | Rev. Fr. Ansel Antony | PP, St. Lucy's Church, Eraimanthurai with effect from 17th June 2018 | |
| 4 | Rev. Fr. Anto Baiju | APP, St. Mary Magdelene Church, Pallithura | APP, St. Joseph's Kazhakuttom |
| 5 | Rev. Fr. Ashlin Jose | PP. Our Lady of Assumption Church,Marianad | PP, St. John the Baptist Church, Thumba |
| 6 | Rev.Dr. Augustine John | Parochial Administrator St.Christopher Church, Sreekaryam | PP, St. Pius Xth Church, Kumarapuram |
| 7 | Very Rev. Dr. Baby Bevinson | Vicar Forane KOVALAM & PP St. Thomas Church, Poonthura, | PP, St. Thomas Forane Church, Thoothoor |
| 8 | Rev. Fr. BinuJosephAlex | PP, St. Jude's Church, Chinnathurai, | PP St.Christopher Church, Pangapara & The Hostel warden of Marian Engineering College, Pangapara |
| 9 | Rev. Fr. Christudas Philip | Director of Boys Town & Assistant Director Football Academy (LIFA) | Prefect, St. Vincent's Seminary |
| 10 | Rev. Fr. Daniel R | APP. Our Lady of Assumption Church, Marianad | APP, St. Mary Magdelene Church, Pallithura |
| 11 | Rev. Fr. Deepak Anto | APP St. Joseph's Metropolitian Cathedral, Palayam | APP of St. Thomas Church, Poonthura, |
| 12 | Rev. Fr. Dony. D. Paul | House Minster, Archbishop's House | |
| 13 | Rev. Dr. Dyson Y. | Corporate Manager of R.C. Schools & Director Board for Education Ministry & Manager Marian College of Arts & Science and St.Jacob's BE.d Training College, Menamkulam, | PP, Sacred Heart Church, Nanthencode |

| | | | |
|---|---|---|---|
| 14 | Very Rev. Dr. Edison Y M | Parochial Administrator of St. Jude's Church, Kachani | |
| 15 | Very Rev. Msgr. Eugine H. Pereira | PRO Archdiocese & PP, Sacred Heart Church, Nanthencode | Vicar General |
| 16 | Rev. Fr. Fredy Joy | Director of Children Ministry & Assistant to the Director of Jubilee Memorial Hospital | APP of Antony's Forane Church, Valiathura |
| 17 | Very Rev. Dr. George Gomez | VF of Pulluvila Forane & PP of St. Jacob's Forane Church, Pulluvila | VF of Palayam Forane & PP of St. Joseph's Metropolitan Cathedral, Palayam |
| 18 | Very Rev. Msgr. George Paul A | Coordinator of the archdiocesan congregation handmaids of hope | |
| 19 | Very Rev. Dr Gladin Alex | | Judical Vicar |
| 20 | Rev. Fr. Immanuel Y | APP of St. Thomas Church, Valiaveli. | APP of Madre de Deus Church, Vettucaud |
| 21 | Rev. Fr. Jacob Stellus | PP of Our Lady of Dolour's Church, Marthandanthurai | Rector and PP, St. Jude's Shrine, Killipalam & Associate Director of Centre of Excellence |



| | | | |
|---|---|---|---|
| 22 | Rev. Fr. Jenisten | APP, St.Thomas Forane Church, Thoothoor | APP of Fathima Matha Church, Adimalathura |
| 23 | Rev. Fr. Jerald Savio T. | PP, St. Pius Xth Church, Kumarapuram | PP, Fathima Matha Church, Adimalathura |
| 24 | Rev. Fr. John Bosco CMF | APP St.Thomas, Poonthura | |
| 25 | Rev. Fr. Jobi Payyappilly, M.S | | PP of St. Mary Magdalene Church, Paruthiyoor |
| 26 | Very Rev.Fr. Jose G | Judicial Vicar | |
| 27 | Rev. Fr. Joseph Bastian | PP of Madre De Deus Church, Vettucaud | Vicar Forane of Pulluvila Forane & PP of St. Jacob's Forane Church, Pulluvila |
| 28 | Rev. Fr. Joseph Pereira | Spiritual Director of Vincent's Seminary, Karamoodu | Priest-in-Charge of Pastoral care of the Jubilee Memorial Hospital |
| 29 | Rev. Fr. Judit Pious Lawrence | Procurator of the Archdiocese | Secretary to the Archbishop |
| 30 | Rev. Fr. Julius Savio K.M | APP of St. Mary's Church, Vallavilai. | Assit.Director, Family Ministry, St.AntonysChurch Njandor konam |

| | | | |
|---|---|---|---|
| 31 | Rev. Fr. Justin Judin | PP,Our Lady of Good Voyage Church, Vizhinjam | Vicar Forane Kovalam & PP of St. Thomas Church, Poonthura |
| 32 | Rev. Fr. Kennedy | APP of St. Nicholas' Church, Neerody. | APP, St. Jude's Church, Chinnathurai, |
| 33 | Rev. Fr. Lenin Antony Puthenveetil IVDei | APP,Our Lady of Good Voyage Church, Vizhinjam | |
| 34 | Rev. Fr. Malbin Soosai | PP, Fathima Matha Church, Adimalathura | PP, St. Lucy's Church, Eraimanthurai |
| 35 | Rev. Fr. Michael Thoams | Co-Ordinator for Minstries | |
| 36 | Rev. Fr. Napoleon Gomez, IV Dei | | PP of St.Bartholomeo Church, Poovar |
| 37 | Very Rev. Msgr. Nicholas T. | Vicar Forane Palayam &PP of St. Joseph's Metropolitian Cathedral, Palayam | PP of Madre De Deus Church, Vettucaud |
| 38 | Rev. Fr. Nishan N. | Prefect of Vincent's Seminary, Karamoodu | APP of St. Peter's Forane Church, Anjengo |
| 39 | Rev. Fr. Prabal Joseph Perera | APP of Madre de Deus Church, Vettucaud. | APP of St. Jacob's Forane Church, Pulluvila |



| | | | |
|---|---|---|---|
| 40 | Rev. Fr. Prabin S.M. | APP of St. Thomas Church, Poonthura | APP of St. Mary Magdalene Church, Paruthiyoor |
| 41 | Rev. Fr. Rajeesh V. Rajan | Asst. Director, Education Ministry &, Family Ministry | |
| 42 | Rev. Fr. Rajesh Babu | APP of St. John the Baptist Church, Poothurai | Director of Children Ministry &Assistant to the Director of Boys Town, Yuva Deepthi Press & Bursar of Boys Town, Yuva Deepthi Press and Football Academy |
| 43 | Rev. Fr. Rex Morais | PP, St. Thomas Forane Church, Thoothoor | House Minster, Archbishop's House |
| 44 | Rev. Fr. Robinson R | | Director of Boys Town |
| 45 | Rev. Fr. Rodrig Kutty | PP, St. John the Baptist Church, Thumba | PP. Our Lady of Assumption Church,Marianad |
| 46 | Rev. Fr. Rojan S Robert | APP of St. Mary Magdalene Church, Paruthiyoor | |

| | | | |
|---|---|---|---|
| 47 | Rev. Fr. Saneesh S. M. | APP of Our Lady of Good Voyage Church, Vizhinjam | APP of St. Joseph's Metropolitan Cathedral, Palayam |
| 48 | Rev. Fr. Santhappan M. | | Corporate Manager of R.C. Schools & Director Board for Education Ministry & Manager Marian College of Arts & Science and St.Jacobs BE.d Training College, Menamkulam, &PP, Our Lady of Assumption Church, Thycaud |
| 49 | Rev. Fr. Shabin Leen | PP of St.Bartholomeo Church, Poovar | PP, St. Jude's Church,Chinnathurai, |
| 50 | Rev. Fr. Shijin A | APP of St. Jacob's Forane Church, Pulluvila | APP of Our Lady of Assumption Church, Marianad |
| 51 | Rev. Fr. Shynish Bosco | Secretary to Archbishop | APP of St. Nicholas' Church, Neerody. |
| 52 | Rev. Fr. Stalin Fernandez A | APP of St. Peter's Forane Church, Anjengo | APP of St. Thomas Church, Valiaveli. |
| 53 | Rev. Fr. Sudeesh A | APP of Antony's Forane Church, Valiathura | APP of St. Thomas Church, Poonthura |



| | | | |
|---|---|---|---|
| 54 | Rev. Fr. Suresh Pius M | Assistant Executive Secretary BCC & APP of St. Anne's Forane Church, Pettah | APP of Our Lady of Good Voyage Church, Vizhinjam |
| 55 | Rev. Fr. Thadeus Arulappan | APP, Fathima Matha Church, Adimalathura | APP of Madre de Deus Church, Vettucaud. |
| 56 | Rev. Fr. Thadeus Philip | Assistant Director of Centre of Excellence | |
| 57 | Rev. Fr. Vishal V | APP of Madre de Deus Church, Vettucaud. | APP of Our Lady of Good Voyage Church, Vizhinjam |
| 58 | Rev. Fr. Wilfred V. | | PP, Our Lady of Good Voyage Church, Vizhinjam |
| 59 | Rev. Fr. Wingston V | PP, Our Lady of Assumption Church, Thycaud | Assistant to the Director of Jubilee Memorial Hospital |
| 60 | Rev. Fr. Yesudasan Mathias | PP of St. Thomas Church, Valiaveli. | Procurator of the Archdiocese, MD Insitutions, Parochial Admini strator, St. Jude, Kachani. |
| 61 | Rev. Fr. Xavier CMF | Parochial Adminstrator Parish Priest, St. Lucy'd Church, Eraimanthurai | PP of Our Lady of Dolour's Church, Marthandanthurai |

**Rev. Dr. Edison Yohannan M.**

Chancellor

## Metropolitan Tribunal News
## May-2018

| | | |
|---|---|---|
| Number of Cases at the beginning of 2018 May | - | 222 |
| Received Cases in the Month of May | - | 006 |
| Total | = | 228 |

Decreed Cases - 02

Balance Cases = 228-02 = 226

## Decreed Cases –02

1. Case No: MTLAT/48/2003 between Paulachan and Jessy
2. Case No: MTLAT/06/2016 between Jose Kumar and Manju

**Fr. Jose G.**
Judicial Vicar



## തിരുവനന്തപുരം ലത്തീൻ അതിരൂപത ഓഖി ദുരന്തപുനരധിവാസ പ്രത്യേക പദ്ധതി ഹ്രസ്വപ്രവർത്തന റിപ്പോർട്ട് (2017 ഡിസംബർ – 2018 ഏപ്രിൽ)

### 1. ആമുഖം

കേരള, തമിഴ്നാട് തീരങ്ങളിൽ 2017 നവംബർ 29, 30 തിയതികളിൽ ആഞ്ഞടിച്ച ഓഖി ചുഴലിക്കൊടുങ്കാറ്റ്, ഈ മേഖലയിലെ മത്സ്യതൊഴിലാളി കുടുംബങ്ങളിൽ വൻ ദുരന്തമാണ് വിതച്ചത്. ഈ ദുരന്തത്തിന്റെ തീവ്രത അനുഭവിക്കേണ്ടിവന്നവരിൽ 95 ശതമാനം പേരും തിരുവനന്തപുരം ലത്തീൻ അതിരൂപാതംഗങ്ങളായ മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ്. ദുരന്തത്തിന്റെ ആദ്യദിനം മുതൽ രക്ഷാപ്രവർത്തനമടക്കമുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളിൽ വൈദീകരുടെയും, സന്യസ്ഥരുടെയും അൽമായരുടെയും നേതൃത്വത്തിൽ അതിരൂപതയും ഇടവകകളും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളെക്കൊണ്ട് ഉചിതമായ സമാശ്വാസ, പുനരധിവാസ പദ്ധതികൾ പ്രഖ്യാപിപ്പിക്കുന്നതിനും അടിയന്തിരമായി അവ നടപ്പിലാക്കുന്നതിനുമുള്ള സമ്മർദ്ദങ്ങൾ ചെലുത്തുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും അതിരൂപതാസംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇടവകകളുടെ നേതൃത്വത്തിലും, അതിരൂപതയുടെ നേതൃത്വത്തിലും ധാരാളം സുമനസ്സുകളുടെ സഹകരണത്തോടെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു വരുകയാണ്.

ഓഖി ദുരന്ത പുനരധിവാസ, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കൊപ്പം അതിരൂപതയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഗുണകരമായ സാമൂഹ്യ സാംസ്ക്കാരിക മാറ്റം സാദ്ധ്യമാക്കി അവരുടെ സമഗ്രവികസനം സാധ്യമാക്കുകയെന്ന ആത്യന്തിക ലക്ഷ്യം വച്ചുകൊണ്ടാണ് 100 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പഞ്ചവത്സര പ്രത്യേക പദ്ധതി അതിരൂപത പ്രഖ്യാപിച്ചത്. സർക്കാരും, ഇതര ഏജൻസികളും നടപ്പിലാക്കുന്ന ദുരന്ത പുനരധിവാസ പദ്ധതികളിലെ സമാനപദ്ധിതകൾ നടപ്പിലാക്കലല്ല, മറിച്ച്, അവർ പരിഗണിക്കാത്ത മേഖലകളിൽ ഇടപെട്ടുകൊണ്ടും ഓഖിക്കു സമാനമായ അവസ്ഥയിൽ കഴിയുന്ന മറ്റ് മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കാൻ അവരെ സഹായിച്ചുകൊണ്ട് അതിരൂപതയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ-സാംസ്കാരിക രൂപാന്തരീകരണത്തിന് വേണ്ടിയുള്ള കർമ്മപരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ രംഗത്ത് കഴിഞ്ഞ 5 മാസക്കാലം അതിരൂപത നടത്തിയ ഇടപെടലുകളുടെയും നൽകിയ സേവനങ്ങളുടെയും, ദുരന്ത ആഘാതത്തിന്റെ വ്യാപ്തിയുടെയും ഒരു ഹ്രസ്വ റിപ്പോർട്ടാണ് ചുവടേ വിവരിക്കുന്നത്;

## 2. ഓഖി ദുരന്ത ആഘാതത്തിന്റെ വ്യാപ്തി

ഓഖി ദുരന്തം പലതലത്തിലും തരത്തിലുമുള്ള വ്യാപകമായ ആഘാതമാണ് മത്സ്യത്തൊഴിലാളി സമൂഹത്തിൽ വരുത്തിവച്ചത്. മരണം, കാണാതാകൽ, മത്സ്യബന്ധനയാനങ്ങളുടെ നഷ്ടം, കേടുപാടുകൾ, മത്സ്യത്തൊഴിലാളികൾക്കുണ്ടായ പരുക്കുകൾ, ശാരീരിക-മാനസിക ആരോഗ്യ പ്രശ്നങ്ങൾ, ദുരന്തബാധിത



കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം, ആരോഗ്യ പരിപാലനം എന്നിവയിലുണ്ടായ തടസ്സങ്ങൾ തുടങ്ങിയവ ദുരന്ത ആഘാതത്തിന്റെ വ്യാപ്തി എത്രമാത്രം വലുതാണെന്ന് വ്യക്തമാക്കുന്നു. അതിരൂപതയിൽ തീരത്തുണ്ടായ ദുരന്തത്തിൽ മരണമടഞ്ഞ ഒരു സ്ത്രീയടക്കം 288 പേർ മരണമടഞ്ഞതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ. ദുരന്തത്തിൽ മാരകമായ മുറിവുകളും പരിക്കുകളും പറ്റി രക്ഷപ്പെട്ടുവന്ന് ചികിത്സ തേടിക്കൊണ്ടിരിക്കുന്നവർ അടക്കം മൊത്തം 718 പേരാണ്. ദുരന്ത ആഘാതത്തിന് ഇരയായവർ കൂടാതെ അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങൾ, തൊഴിലുപകരണങ്ങൾ, വീടുകൾ എന്നിവ നഷ്ടപ്പെട്ടവരും ഉണ്ട്. അവരുടെ കണക്ക് പ്രത്യേകം ശേഖരിച്ചിട്ടുണ്ട്.

## 3. അതിരൂപത നടത്തിയ ഇടപെടലുകളും ദുരിതാശ്വാസ പ്രവർത്തനങ്ങളും

a. ദുരന്തബാധിതർക്കുള്ള സമാശ്വാസ ധനസഹായ പദ്ധതികൾ

i. ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത 288 പേർക്കും അടിയന്തിര ധനസഹായമെന്ന നിലയിൽ ഓരോ ആശ്രിത കുടുംബത്തിനും 30,000 രൂപ വീതം ബാങ്ക് മുഖേന ഇതിനകം വിതരണം ചെയ്തു. ഈ ഇനത്തിൽ മൊത്തത്തിൽ 86,40,000/- രൂപ ചെലവഴിച്ചു.

ii.ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്തവരുടെ മക്കളുടെ പഠനം തടസ്സം കൂടാതെ നടക്കുന്നതിനുള്ള ഫീസ് ഇനത്തിൽ 26 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. മൊത്തത്തിൽ 6,62,175 രൂപ ഇതിനു വേണ്ടി ചെലവഴിച്ചു.

iii. മത്സ്യബന്ധനയാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് കട്ടമരം ഒന്നിന് 10,000 രൂപ, പ്ലൈവുഡ് വള്ളം ഒന്നിന് 15000 രൂപ, തങ്ങൽ വള്ളം ഒന്നിന് 20000 രൂപ, യന്ത്രവൽകൃതബോട്ട് ഒന്നിന് 30,000 രൂപ എന്ന ക്രമത്തിൽ അടിയന്തര സഹായം നൽകി. ഇതിനുവേണ്ടി 25,70,000 തുക ചെലവഴിച്ചു.

iv. ദുരന്തത്തിലകപ്പെട്ട് മാരകമായ മുറിവുകളും സാരമായ പരിക്കുകളും പറ്റി രക്ഷപ്പെട്ടുവന്ന് ചികിത്സ തേടിയവർക്ക്, സൗജന്യ ചികിത്സയ്ക്കു പുറമേ അടിയന്തിര സഹായമായി 10,000 രൂപ വീതം വിതരണം ചെയ്തു. ഇതിനുവേണ്ടി 23,50,000 ചെലവഴിച്ചു.

v. ദുരന്തബാധിത കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹം നടത്തുവാൻ വേണ്ട ചെലവ് വഹിക്കുന്നതിനുള്ള ധനസഹായം എന്ന നിലയിൽ 10 യുവതികൾക്ക് പരമാവധി 3 ലക്ഷം രൂപ എന്ന ക്രമത്തിൽ 25,50,000 രൂപ വിതരണം ചെയ്തു.

vi. ഇതിനുപുറമേ അടിയന്തിര സഹായമെന്ന നിലയിൽ ഭക്ഷണ സാധനങ്ങൾ, വസ്ത്രം തുടങ്ങി ഒട്ടേറെ സഹായങ്ങൾ രൂപതയുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഈ ഇനത്തിൽ 7,71,443 രൂപയാണ് ചെലവിട്ടത്.

vii. പരിക്കുപറ്റി തിരികെവന്ന മത്സ്യത്തൊളിലാളികൾക്കും ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്തവരുടെ കുടുംബങ്ങളിലെ ആശ്രിതർക്കും ജൂബിലി ആശുപത്രിയിലൂടെ സൗജന്യ ചികിത്സ നൽകിയ ഇനത്തിലും നല്ല സാമ്പത്തിക ബാധ്യത ജൂബിലി ആശുപത്രി ഏറ്റെടുത്തിരുന്നു. മൊത്തം 4,15,734 രൂപയുടെ ചെലവാണ് ഈ ഇനത്തിൽ ഉണ്ടായത്.

viii. ജൂബിലി ആശുപത്രിയുമായി ചേർന്ന് ഓഖി ദുരന്തത്തിൽ ഭാഗീകമായും പൂർണമായും മുറിവേറ്റവർക്കും, ഈ ദുരന്തത്തിൽ



മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും 5 വർഷത്തേയ്ക്ക് സമ്പൂർണ്ണ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തി.

ix. ഓഖിയിൽ മരണമടഞ്ഞ 288 കുടുംബങ്ങൾക്ക് പ്രതിമാസം 900 രൂപ ക്രമത്തിലുള്ള ധനസഹായം ബാങ്കിൽ നിക്ഷേപിച്ച് അവരെ അനുഗമിച്ച് കുടുംബ വികസന പദ്ധതി നടത്തിവരുന്നു.

b. മറ്റ് സേവനങ്ങളും പ്രവർത്തനങ്ങളും

i. ദുരന്ത - രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.

ii. ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട തൊഴിലാളികൾക്ക് ഭക്ഷണം, വസ്ത്രം ഉൾപ്പെടേ സഹായം നൽകി.

iii. സർക്കാരിൽ യഥാസമയങ്ങളിൽ വേണ്ട സമ്മർദ്ദം ചെലുത്തി.

iv. ഓഖി ദുരന്തത്തെ തുടർന്ന് ദുരന്തബാധിതരുടെ കുടുംബാംഗ ങ്ങൾക്കും, രക്ഷപ്പെട്ടുവന്നവർക്കും ഉണ്ടായ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും അവരെ ആശ്വസിപ്പിക്കുന്ന തിനുമായി സന്യസ്ഥരുടേയും, പ്രൊഫഷണൽ വിദ്യാർത്ഥികളു ടേയും സേവനങ്ങൾ പ്രയോജനപ്പെടുത്തി കുടുംബ പ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ 478 കുടുംബങ്ങളിൽ തുടർച്ചയായി 3 പ്രാവശ്യം സന്ദർശനം നടത്തി വേണ്ട സേവനങ്ങൾ നൽകി.

v. ഓഖി ദുരന്തപുനരധിവാസവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നൽകി. അവ അംഗീകരിച്ചു നടപ്പിലാക്കാൻ വേണ്ട സമ്മർദ്ദങ്ങൾ സർക്കാരിൽ ചെലുത്തി. തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരി ക്കുന്നു.

vi. ദുരന്തപുനരധിവാസ, സമാശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുവാൻ വേണ്ട സമ്മർദ്ദം സർക്കാരിൽ നടത്തി. ഒപ്പം വാഗ്ദാനങ്ങൾ കാലവിളംബം കൂടാതെ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരുമായി ചർച്ചകൾ തുടർന്നു കൊണ്ടിരിക്കുന്നു.

vii. ദുരന്ത അഘാതത്തിന്റെ കൃത്യവും വ്യക്തവുമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി പങ്കുവയ്ക്കുകയും അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തികൊണ്ടിരിക്കുന്നു.

viii. കാലാവസ്ഥ മുന്നറിയിപ്പ്, കൃത്യമായും സമയ ബന്ധിതമായും ലഭ്യമാക്കുന്നതിനും, ദുരന്തപുനരധിവാസ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം ഉണ്ടാക്കിയെടുക്കുവാനും കൂട്ടായ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനും ഉതകുമാറ് അൽമായ നേതാക്കൾ, മത്സ്യത്തൊളിലാളി സംഘടനാ നേതാക്കൾ, രാഷ്ട്രീയ കക്ഷിയുടെ നേതാക്കൾ, ശാസ്ത്ര സമൂഹം, ഉദ്യോഗസ്ഥർ എന്നിവരെ കൂട്ടായും ഒറ്റയ്ക്കൊറ്റയ്ക്കും വിളിച്ചു ചേർത്ത് ചർച്ചകളും കൂടിയാലോചനകളും സംഘടിപ്പിച്ചു. അതു തുടർന്നുകൊണ്ടിരിക്കുന്നു.

ix. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളി സമൂഹത്തെ പങ്കാളികളാക്കാൻ ഉതകുമാറ് അവരെ സജ്ജരാക്കുന്നതിന് വേണ്ടി ഹൈദരബാദിലെ കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻകോയിസുമായി ചർച്ചകൾ സംഘടിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നു.

x. അതിരൂപതയുടെ നേതൃത്വത്തിൽ രൂപീകരിച്ച 9 സമിതികൾ അതാത് സമിതികളെ ചുമതലപ്പെടുത്തിയിട്ടുള്ള മേഖലയെ സംബന്ധിച്ച് നടപ്പിലാക്കേണ്ട ദുരന്തപുനരധിവാസ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



xi. സഭാ സമൂഹങ്ങളും, ഇതര മേഖലകളിലെ സുമനസ്സുകളുമായി സഹകരിച്ച് അവരുടെ സഹകരണത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളും ഭക്ഷണ വിതരണവും മറ്റു സഹായങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

xii. എറണാകുളം കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന രാജഗിരി കോളേജിന്റെ സാമൂഹ്യ സേവന വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി പ്രവർത്തനങ്ങൾ ഓഖി ദുരന്ത മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്കു ലഭ്യമാക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ചു. പദ്ധതി നടത്തിപ്പിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## ഉപസംഗ്രഹം

സർക്കാരും മറ്റ് ഏജൻസികളും വാഗ്ദാനം ചെയ്തിട്ടുള്ള ഓഖി പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ അവരിൽ വേണ്ട സമ്മർദ്ദം / സ്വാധീനം ചെലുത്തി അവ നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാണ് അതിരൂപത പ്രഥമ പരിഗണന നൽകുന്നത്. അതിനോടൊപ്പം പൂരകമായ പ്രവർത്തനങ്ങൾ നടത്തിയും ലഭ്യമായ വിഭവങ്ങളെ അത്യാവശ്യ അടിസ്ഥാനത്തിൽ ക്രമീകരിച്ച് അതിരൂപതയിലെ വിവിധ സമിതികൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ വിനിയോഗിച്ചും കാലോചിതമായ മറ്റ് അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും മേൽനോട്ടം വഹിച്ചു കൊണ്ടുപോകുന്നതിനും ഇടവക, ഫൊറോന, രൂപത അടിസ്ഥാനത്തിലുള്ള ഒരു വികേന്ദ്രീകൃത സംവിധാനമാണ്

ഇതിനുവേണ്ടി ഒരുക്കിയിട്ടുള്ളത്. പ്രസ്തുത സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിച്ചു വരുന്നു.

**4. വരവു ചെലവു കണക്കുകളുടെ ഒരു പൊതുരൂപം**

| വരവിനങ്ങൾ | വരവ് തുക |
|---|---|
| അഞ്ചുതെങ്ങ് ഫെറോന | 527726.00 |
| പുതുക്കുറിച്ചി ഫെറോന | 1440914.00 |
| വലിയതുറ ഫെറോന | 277307.00 |
| കോവളം ഫെറോന | 167550.00 |
| പുല്ലുവിള ഫെറോന | 159423.00 |
| പേട്ട ഫെറോന | 2092101.00 |
| പാളയം ഫെറോന | 3806756.00 |
| അതിരൂപതയിൽ നിന്നുള്ള സ്ഥാപനങ്ങൾ | 2235379.00 |
| അതിരൂപതയിൽ നിന്നുള്ള വ്യക്തികൾ | 430939.00 |
| അതിരൂപതയിൽ നിന്നുള്ള കോൺവന്റുകൾ | 1077500.00 |
| അതിരൂപതയിലെ വൈദീകർ | 986100.00 |
| **അതിരൂപത ആകെ** | **13201695.00** |
| I. റ്റി.എസ്സ.എസ്സ്.എസ്സ് ഓഖി സേവന സംഭാവന | 771709.00 |
| II. ജൂബിലി ആശുപത്രി ചികിത്സ സംഭാവന | 415734.00 |
| അതിരൂപതയ്ക്കു പുറത്തുള്ള മറ്റു സ്ഥാപനങ്ങൾ (ആകെ) | 56552743.68 |
| വിദേശത്തു നിന്നും കിട്ടിയത് | 2642088.00 |
| **ആകെ** | **73583969.68** |



| ചെലവിനങ്ങൾ | ചെലവ് തുക |
|---|---|
| I. ഓഖി ഫണ്ടിൽ നിന്നും ചെലവായത് | |
| 1. മരണമടയുകയോ കാണാതാകുകയോ ചെയ്തവരുടെ ആശ്രിതർക്കു നൽകിയ ധനസഹായം | 8640000.00 |
| 2. പരിക്കുകൾ പറ്റി രക്ഷപ്പെട്ട് തിരികെ വന്ന് ചികിത്സ നേടിയവർക്കു നൽകിയ ധനസഹായം | 2350000.00 |
| 3. മത്സ്യബന്ധന യാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്കു നൽകിയ അടിയന്തിര സഹായം | 2570000.00 |
| 4. വിദ്യാഭ്യാസ ധനസഹായം | 662175.00 |
| 5. വിവാഹ ധനസഹായം | 2550000.00 |
| 6. അതിരൂപത സമാഹരിച്ച ഫണ്ടിൽ നിന്നും കെ.സി.ബി.സി.ക്കു നൽകിയ ഓഖിവിഹിതം | 3500000.00 |
| **ആകെ (1-6)** | **20272175.00** |
| I. ജൂബിലി ആശുപത്രി സൗജന്യ ചികിത്സ നൽകിയ ഇനത്തിൽ ചെലവായ തുക | 415734.00 |
| II. റ്റി.എസ്സ്.എസ്സ്.എസ്സ്. നൽകിയ സേവനങ്ങളും സഹായങ്ങളും | 771709.00 |
| **ആകെ ( I-II)** | **21459618.00** |
| **നീക്കിയിരിപ്പ്** | **52124351.68** |
| **ആകെ** | **73583969.68** |

അതിരൂപതയുടേ ഓഖി ദുരന്ത പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ട പ്രോത്സാഹനവും സഹകരണവും സാമ്പത്തിക സഹായവും നൽകികൊണ്ടിരിക്കുന്ന സഭാസമൂഹത്തിനും സുമനസ്സുകളായ എല്ലാവർക്കും ദൈവാനുഗ്രഹം നേരുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. തുടർന്നും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ചുരുക്കുന്നു.

ഓഖി ദുരന്ത പരിഹാര കോർകമ്മിറ്റിക്കു വേണ്ടി,

**ഫാദർ തിയോഡേഷ്യസ് ഡിക്രൂസ്**
ജനറൽ കൺവീനർ.



# ബിസിസി

## I. പ്രേഷിതകുരിശിന്റെ പ്രയാണം

2017 ഒക്ടോബർ 6, 7, 8 തീയതികളിൽ നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായ പ്രേഷിത കുരിശിന്റെ പ്രയാണം മാർച്ച് മാസം 3-ാം തീയതി അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും ആരംഭിക്കുകയുണ്ടായല്ലോ. അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, വലിയതുറ, കോവളം, പുല്ലുവിള, തൂത്തൂർ, കഴക്കൂട്ടം എന്നീ ഫെറോനകളിലെ എല്ലാ ഇടവകകളിലും പ്രയാണം നടത്തി മേയ് മാസം 31-ാം തീയതി പ്രേഷിത കുരിശ് പേട്ട ഫെറോനയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ജൂൺ മാസം പേട്ട, പാളയം ഫെറോനകളിലെ ഇടവകകളിലൂടെ പ്രയാണം ചെയ്ത് ജൂൺ 24 ന് പാളയം അതിഭദ്രാസന ദൈവാലയത്തിൽ എത്തിച്ചേരുന്നതായിരിക്കും. അന്നേദിവസം ഉച്ചക്ക് 2 മണിമുതൽ 4.30 വരെ അതിരൂപതയിൽ നിന്നും മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ പ്രതിനിധികൾക്കും, ബി.സി.സി. ഇടവക കോ-ഓർഡിനേറ്റർമാർ, സിസ്റ്റർ ആനിമേറ്റർമാർ ഇടവക കൗൺസിൽ സെക്രട്ടറിമാർ, അജപാലന ശുശ്രൂഷാ കൺവീനർമാർ എന്നിവർക്കുമായി സംയുക്ത പഠനകളരിയും തുടർന്ന് വൈകുന്നേരം 5 മണിക്ക് അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന പൊന്തിഫിക്കൽ ദിവ്യബലിയും ഉണ്ടായിരിക്കും. ദിവ്യബലി മദ്ധ്യേ നമ്മുടെ അതിരൂപതയും അരുണാചൽ പ്രദേശിലെ ഈറ്റാനഗർ രൂപതയും തമ്മിലുള്ള "ഹാർട്ട് - റ്റു - ഹാർട്ട്" (Heart to Heart) എന്ന പ്രേഷിത ബന്ധ പരിപാടികളുടെ പ്രഖ്യാപനവും ഉണ്ടായിരിക്കും.

## II. പാളയം ഫെറോന ടീം അംഗങ്ങളുടെ പരിശീലനം

പാളയം ഫെറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണത്തിന് നേതൃത്വം നൽകുവാനുള്ള ഫെറോന ബി.സി.സി. കമ്മിഷൻ

അംഗങ്ങൾക്കും മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികൾക്കുമായുള്ള പരിശീലനം മേയ് 26-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെ മണക്കാട് നിത്യസഹായമാതാ ദൈവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത പരിശീലനം പാളയം ഫെറോന ബി.സി.സി. വൈദിക കോ-ഓർഡിനേറ്റർ ബഹു. ആന്റണി സിൽവസ്റ്റർ അച്ചൻ ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ക്ലാസുകൾക്ക് ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി, ബി.സി.സി. ജോയിന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സുരേഷ് പയസ്, അതിരൂപത കോർ ടീം അംഗവും കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറിയുമായ ശ്രീമാൻ ആന്റണി ആൽബർട്ട് എന്നിവർ നേതൃത്വം നൽകി. തുടർന്ന് അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറികൂടിയായ ഡോ.എം.എ.ജോർജ് കൺവീനറായുള്ള ഫെറോന കോർടീം രൂപീകരിച്ചു. പാളയം ഫെറോന ബി.സി.സി. ആനിമേറ്റർ ശ്രീമാൻ സെബാസ്റ്റ്യൻ വൈ., മണക്കാട് ഇടവക വികാരി ഫാ. സ്റ്റീഫൻ മുക്കാട്ടിൽ, ഇടവക കൗൺസിൽ അംഗങ്ങൾ എന്നിവർ സെമിനാറിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**III.ഹോം മിഷൻ സിസ്റ്റർമാരുടെ പരിശീലനം**

നമ്മുടെ അതിരൂപതയിൽ ഏറെ പ്രാധാന്യത്തോടും ജനപങ്കാളിത്തത്തോടും കൂടി നടത്തപ്പെടുന്ന കുടുംബകേന്ദ്രീകൃത അജപാലന പ്രവർത്തനമായ ഹോം മിഷന് സഹായിക്കുന്ന 2018 - 19 ബാച്ചിലെ സമർപ്പിതർക്കുവേണ്ടിയുള്ള അതിരൂപതാതല പരിശീലന പരിപാടി മേയ് 28 മുതൽ ജൂൺ 5 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് കുടുംബ കേന്ദ്രീകൃത അജപാലന ദർശനത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാ



രിച്ചു. ബി.സി.സി കമ്മിഷന്റെ നേതൃത്വത്തിൽ നടത്തിയ പരിശീലന പരിപാടിയിൽ അതിരൂപതയിലെ എല്ലാശുശ്രൂഷാ ഡയറക്ടർമാരും തങ്ങളുടെ ശുശ്രൂഷാ സമിതികളുടെ ഊന്നലുകളും പ്രവർത്തനങ്ങളും ഹോം മിഷന്റെ പശ്ചാത്തലത്തിൽ പങ്കുവച്ചു. ഹോം മിഷൻ പ്രവർത്തനങ്ങൾക്കാവശ്യമായ നൈപുണ്യങ്ങളും ദർശനവും അറിവും പങ്കുവച്ചുകൊണ്ട് "പ്രവർത്തിച്ച് പഠിക്കുക" എന്ന ശൈലിക്ക് ഊന്നൽ നൽകിയായിരുന്നു പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. ഹോം മിഷൻ രണ്ടാം ബാച്ചിലെ അംഗങ്ങളും ബി.സി.സി. ഫെറോന ആനിമേറ്റർമാരുമുൾപ്പെടെ 30 സിസ്റ്റർമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

രണ്ടാം ബാച്ചിന്റെ പരിശീലനത്തെ തുടർന്ന് ജൂൺ മാസം 7 മുതൽ 10 വരെ അമലോത്ഭവമാതാ ദൈവാലയം നെല്ലിയോടിലും ജൂൺ 17 മുതൽ 23 വരെ സെന്റ് തോമസ് ദൈവാലയം അയിരൂരും ഹോം മിഷൻ നടത്തപ്പെടുന്നു.

അർപ്പണമനോഭാവത്തോടും ഉത്സാഹത്തോടും കൂടെ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന രണ്ടാമത്തെ ബാച്ചിലെ എല്ലാ സമർപ്പിതർക്കും വിജയാശംസകൾ നേരുന്നു.

NB: ഈ വർഷം ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവക വികാരിമാർ അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി സമയം നിശ്ചയിച്ച് വേണ്ട ഒരുക്ക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## അഞ്ചുതെങ്ങ് ഫെറോന

**ആറ്റിങ്ങൽ:** നല്ലിടയ ദൈവാലയത്തിൽ മെയ് 1-ാം തീയതി സെന്റ് ജോസഫ് യൂണിറ്റിന്റെ വാർഷികവും തൊഴിലാളികളുടെ

മധ്യസ്ഥനായ വിശുദ്ധ യൗസേഫ്പിതാവിന്റെ തിരുന്നാളും സസന്തോഷം ആഘോഷിച്ചു. വാർഷികത്തോടനുബന്ധിച്ച് പുല്ലുവിള അസിസ്റ്റന്റ് വികാരി ഫാ. പ്രബലിന്റെ നേതൃത്വത്തിൽ "വിശ്വാസത്തെ" ചോദ്യം ചെയ്യുന്നവരോട് എങ്ങിനെ പ്രതികരിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ്സ് സംഘടിപ്പിച്ചു.

1. മെയ് 20-ാം തീയതി ദമ്പതിമാർക്കു വേണ്ടിയുള്ള ധ്യാനം നടന്നു.
2. മെയ് 21 മുതൽ 26 വരെയുള്ള തീയതികളിൽ കുട്ടികൾക്കായുള്ള അവധിക്കാല ബൈബിൾ ക്ലാസ്സ് 2 ബ്രദേഴ്സിന്റെയും, സി.റീത്തയുടെയും നേതൃത്വത്തിൽ നടന്നു.

ബി.സി.സി സജീവമായി പ്രവർത്തിക്കുന്നു.

**മുങ്ങോട്:** സെന്റ് സെബസ്റ്റ്യാനോസിന്റെ ഇടവകയിൽ മെയ് 6.2018 ജനറൽ ബോഡി ബഹു.വികാരി ഫാ.ടോണി ഹാംലെറ്റ് അച്ചന്റെ നേതൃത്വത്തിൽ നടന്നു.

പന്തക്കൊസ്താ തിരുനാളിനോടനുബന്ധിച്ച് നിത്യസഹായ മാതാവിന്റെ കുരിശ്ശടിയിൽ (17,18,19) മൂന്നു ദിവസത്തെ ധ്യാനം വികാരി അച്ചന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി.

ബിസിസി 11-ാം യൂണിറ്റ് "സെന്റ് ഡൊമിനിക് സാവിയോ" വാർഷികവും നടത്തി.

**വെന്നിക്കോട്:** മൗണ്ട് കാർമ്മൽ മാതാ ഇടവകയിൽ ജനറൽ ബോഡി യോഗം ഏപ്രിൽ 29.2018 ബഹു.സെബാസ്റ്റ്യൻ പള്ളിക്കയിൽ അച്ചന്റെ അധ്യക്ഷതയിൽ നടന്നു.

മെയ് 6-ാം തീയതി ഇടവകയിലെ 12 കുട്ടികളുടെ ആദ്യകുർബാന സ്വീകരണം നടന്നു.

മെയ് 7 മുതൽ 13 വരെ ഇടവക മധ്യസ്ഥയായ കർമ്മല മാതാവിന്റെ തിരുന്നാൾ ആഘോഷിച്ചു.

തിരുന്നാളിന്റെ ഒരുക്കമായി 7,8,9 തീയതികളിൽ ബഹു.ഹെൻസിലിൻ അച്ചന്റെ കൃപാഭിഷേക ധ്യാനം നടത്തി.

തിരുന്നാളിനോടനുബന്ധിച്ച് മെയ് 10 ന് കുടുംബ യൂണിറ്റുകളുടെയും, മതബോധന വിഭാഗത്തിന്റെ സംയുക്ത



വാർഷികം കൊണ്ടാടി.

മെയ് 20-ാം തിയതി യുവജന ബിസിസി രൂപീകരിച്ചു. 20 പേർ പങ്കെടുത്തു.

ഇടവകയിലെ ബിസിസി യൂണിറ്റിന്റെ പ്രവർത്തനം സജീവമായി നടക്കുന്നു.

'സാഞ്ചോ' ചികിത്സാ സഹായസമിതി ഈ മാസവും ഒരു ക്യാൻസർ രോഗിക്ക് മരുന്നിന് 1000 രൂപ നൽകി സഹായിച്ചു.

**ഫാ. ടോണി ഹാംലെറ്റ്** — **സി.ജനറ്റ് റോച്ച.ആർ.എസ്.സി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

കോവളം ഫെറോനയിലെ എല്ലാ ഇടവകകളുടെയും ബിസിസി യോഗങ്ങളും പ്രവർത്തനങ്ങളും നല്ല രീതിയിൽ നടന്നു വരുന്നു. പ്രേഷിത കുരിശിന്റെ പ്രയാണം വളരെ ഭംഗിയായി നടത്തി. ഇടവക മാറിപ്പോകുന്ന ബഹുമാന പ്പെട്ട സുരേഷ് അച്ചന് കോവളം ഫെറോനാ സമിതി മെയ് 12-ാം തീയതി ആഴാകുളം പള്ളിയിൽ വച്ച് യാത്രയയപ്പ് നൽകി. സി.ആനിമേറ്റേഴ്സും ഇടവക കോർഡിനേറ്റർമാരുടെയും സാന്നിധ്യം ഉണ്ടായിരുന്നു. വളരെയധികം നല്ല പ്രവർത്തനങ്ങൾ ഫെറോനയ്ക്കും ഇടവകകൾക്കും കാഴ്ച വച്ച അച്ചന് നന്ദിയും അഭിനന്ദനങ്ങളും പ്രാർത്ഥനകളും സമിതി നൽകി.

നെല്ലിയോട് രണ്ട് യൂണിറ്റുകളുടെ വാർഷികവും കാക്കാമൂലയിൽ ഒരു യൂണിറ്റിന്റെ വാർഷികവും നടത്തി. കാക്കാമൂല ഇടവക തിരുന്നാൾ വളരെ ലളിതമായി നടത്തി. പൂങ്കുളം ദേവാലയത്തിന്റെ ഇടവക തിരുനാളും വളരെ ഭക്തിപൂർവ്വം നടത്തി.

**സി.ജമിനി**
ആനിമേറ്റർ

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ**

സദ്ബോധന ബൈബിൾ സ്ക്കൂൾ നാലാം ബാച്ചിലേക്കുള്ള നാലാമത്തെ ക്ലാസ് മത്തായി എഴുതിയ സുവിശേഷം റവ. ഡോ. ലോറൻസ് കുലാസ് നയിച്ചു. 46 പേർ പങ്കെടുത്തു.

**2) "Infinite Power: Biblical Insights"**

ബൈബിൾ കമ്മിഷന്റെ ആഭിമുഖ്യത്തിൽ മേയ് 18,19,20 തിയതികളിൽ ആനിമേഷൻ സെന്ററിൽ വച്ച് ഫാ. ഫിയോറെലോ മസ്കരനസ് നയിച്ച 'ഇൻഫിനിറ്റ് പവർ' എന്ന ക്ലാസിൽ 80 പേർ പങ്കെടുത്തു.

**B. അറിയിപ്പ്**

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബൈബിൾ ക്ലാസ് ജൂൺ മാസം 16-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ്. വിഷയം : യോഹന്നാൻ എഴുതിയ സുവിശേഷം, വെളിപാട്

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

**1) KRLCC സ്ക്കോളർഷിപ്പ് സംസ്ഥാനതലപരീക്ഷ**

മെയ് 16-ാം തിയതി നടന്ന കെ.ആൽ.എൽ.സി.സി. സ്ക്കോളർഷിപ്പ് സംസ്ഥാനതല പരീക്ഷയിൽ VIII മുതൽ XII വരെ ക്ലാസ്സുകളിൽ അതിരൂപത പരീക്ഷയിൽ ആദ്യത്തെ മൂന്നുസ്ഥാനം നേടിയവരെ പങ്കെടുപ്പിച്ചു.



**2) വാർഷികം**

ക്രിസ്തീയവിശ്വാസജീവിതപരിശീലനകമ്മിഷൻ വാർഷികം 26.05.2018 ശനിയാഴ്ച സംഘടിപ്പിച്ചു. തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ്പ് സൂസൈപാക്യം ഉത്ഘാടനം ചെയ്തു. അജപാലന ഡയറക്ടർ റവ. ഫാ. ലോറൻസ് കുലാസ് അധ്യക്ഷനായിരുന്നു. ശ്രീ. റോബർട്ട് പനിപ്പിള്ള മുഖ്യപ്രഭാഷണവും നടത്തി. 2017-18 പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ശ്രീ. സിൽവദാസ് എഫ് അവതരിപ്പിച്ചു. ശ്രീമതി ഡാലിയാ ക്രൂസ് കുമാരി മേരി ജോസഫ് ആശംസകൾ നേർന്നു. ലോഗോസ്ക്വിസ്-2017, അതിരൂപതപരീക്ഷ 2017-18, ലോ വിദ്യാർത്ഥികളുടെ കലാവിരുന്ന് ഉണ്ടായിരുന്നു. അജപാലന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മുത്തപ്പൻ അപ്പോലി സ്വാഗതവും സിസ്റ്റർ ബ്രിജിറ്റ് നന്ദിയും അർപ്പിച്ചു.

**B. അറിയിപ്പ്**

**1) അടിസ്ഥാനപരിശീലനം**

02.06.2018 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ പുതിയ അധ്യാപകർക്കുള്ള അടിസ്ഥാനപരിശീലന ക്ലാസുകൾ നടത്തുന്നതാണ്.

**2) വിശ്വാസോത്സവ അധ്യായനാരംഭം (2018-19)**

03.06.2018 ഞായറാഴ്ച നവാഗതരായ വിദ്യാർത്ഥികളെ ഹൃദ്യമായി സ്വീകരിച്ചുകൊണ്ടും ആഘോഷമായ ദിവ്യബലി അർപ്പിച്ചുകൊണ്ടും 2018-19 അധ്യായനാവർഷത്തിലേയ്ക്കുള്ള ക്ലാസുകൾ ആരംഭിക്കുന്നു.

## ദൈവശാസ്ത്രം

**A. പ്രവർത്തനം**

**1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്**

"ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സ് മെയ് മാസം

19-ാം തിയതി ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 46 പേർ പങ്കെടുത്തു. "യുഗാന്തവിജ്ഞാനീയം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ഇമ്മാനുവേൽ വൈയും "മരി യവിജ്ഞാനീയം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ഡാനിയേൽ ആറും ക്ലാസുകൾ നയിച്ചു.

## കരിസ്മാറ്റിക് മുന്നേറ്റം

**A. പ്രവർത്തനം**

**1) ഏകദിന ധ്യാനം**

തിരുവനന്തപുരം കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ മെയ് മാസം 1-ാം തിയതി അഞ്ചുതെങ്ങ് ഫെറോനയിലെ അരയ തുരുത്തി ഇടവകയിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ ഏകദിനധ്യാനം നടത്തി. ബെത്സെയ്ദാ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഹെൻസിലിൻ, ബ്രദ. ഡോ. സന്തോഷ് ബാബു എന്നിവർ ധ്യാനം നയിച്ചു.

**2) മുക്തിധ്യാനം**

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ സോണിന്റെ നേതൃ ത്വത്തിൽ മെയ് 5 മുതൽ 11 വരെ ധ്യാനം ഉണ്ടായിരുന്നു. ഫാ. കോസ്മോസ് തോപ്പിൽ, ഫാ. ജോസഫ് എൽക്കിൻ, ഫാ. ഡോണി ഡി പോൾ, ഫാ. അനിഷ് ഫെർണാണ്ടസ്, ഫാ. ഡൊമിനിക്, ഫാ. ജസ്റ്റിൻ അലക്സ്, ബ്രദ. അജിത്ത് പെരേര, ബ്രദ. നിക്സൺ ലോപ്പ സ്, ഗബ്രിയേൽ ജോസഫ് എന്നിവരാണ് ധ്യാനം നയിച്ചത്.

**3) പെന്തക്കുസ്താദിനം**

സോണിന്റെ നേതൃത്വത്തിൽ 20-ാം തിയതി വെള്ളയമ്പലം കൊച്ചുത്രേസ്യ ദേവാലയത്തിൽ വച്ച് പെന്തകുസ്താദിനാചരണവും ആഘോഷവും ഉണ്ടായിരുന്നു. സോണൽ ആനിമേറ്റർ റവ. ഫാ. ലോറൻസ് കുലാസ് ദിനാഘോഷം ഉത്ഘാടനം ചെയ്തു. കെ.സി. ബി.സി. കരിസ്മാറ്റിക് കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ സാമുവൽ



മാർ ഐറേനിയോസ് പിതാവ് വചന സന്ദേശം നല്കുകയും തുടർന്ന് പരിശുദ്ധ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുള്ള ആരാധന നയിക്കുകയും ചെയ്തു. കൂടാതെ ബ്രദ. ജോസഫ് ദാസ് വചന പ്രഘോഷണം നടത്തുകയുണ്ടായി.

**4) തിരഞ്ഞെടുപ്പ്**

മേഴ്സി സിറിലിനെ (വലിയ വേളി ഇടവകാ അംഗം) സെൻട്രൽ ടീമിലേക്ക് (കെ.സി.സി.ആർ.എസ്.ടി) ക്രിസ്റ്റീൻ മിനി സ്ട്രിയുടെ അംഗമായി തിരഞ്ഞെടുത്തു.

**5) അവാർഡ്**

കോൺഫെറൻസ് ഓഫ് കാത്തലിക് ബിഷപ്പ് ഓഫ് ഇന്ത്യ യുടെ 2016-17-ലെ ഏറ്റവും മികച്ച സേവനം കാഴ്ച വച്ച ആത്മീയ പ്രേഷിതനുള്ള അവാർഡ് വെട്ടുകാട് ഇടവകാ അംഗവും കരിസ്മാ റ്റിക് നവീകരണ മുന്നേറ്റം തിരുവനന്തപുരം സോണൽ കോ-ഓർഡി നേറ്ററുമായ ബ്രദ. ക്രിസ്തുദാസ് എൽ. ജോസിന് ലഭിച്ചു.

# കുടുംബപ്രേഷിത ശുശ്രൂഷ

**കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും രണ്ടാം ബാച്ചിന്റെ മെയ് മാസത്തെ ക്ലാസ്സുകൾ 5, 26, തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചു നടന്നു. 30 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ റവ. ഫാ. എ. ആർ. ജോൺ, റവ. ഫാ. എഡിസൻ. വൈ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജൂൺ മാസത്തിൽ രണ്ടാം ബാച്ചിന്റെ പരീക്ഷ നടത്തപ്പെടുന്നു.

മൂന്നാം ബാച്ചിന്റെ ക്ലാസ്സുൾ ജൂലൈ മാസത്തിൽ ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് കുടുംബപ്രേഷിത ശുശ്രൂഷയുടെ അതിരൂപതാ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 70 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**കെയറിംഗ് ഹാൻഡ്സ്**

കെയറിംഗ് ഹാൻഡ്സിൽ അംഗങ്ങളായിട്ടുള്ള വോളന്റിയർമാർ ഓഖി ദുരിതത്തിന്റെ ആഘാതമേറ്റ 15 കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ അവസ്ഥ മനസ്സിലാക്കി വേണ്ട മാനസിക പിൻതുണ നൽകുകയും ചെയ്തു.



ഏകസ്ഥരായി കഴിയുന്നവരെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കുകയും ചെയ്തു വരുന്നു.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

മെയ് 25 വെള്ളിയാഴ്ച 3.30ന് ഓഖിയിലും സമാന ജീവിത സാഹചര്യങ്ങളിലും കഴിയുന്ന 28 യുവതികൾക്ക് ധനസഹായം നൽകി. മേയർ വി കെ പ്രശാന്ത് ചടങ്ങ് ഉത്ഘാടനം ചെയ്തു. അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ്. റവ. ഡോ. സൂസപാക്യം അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോർജ്ജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തി. മോൺ. യൂജിൻ എച്ച് പെരേര, മോൺ. ജയിംസ് കുലാസ് എന്നിവർ സംസാരിച്ചു. ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗം കുടുംബപ്രേഷിത ശുശ്രൂഷാ ഡയറക്ടർ റവ. ഫാ. എ ആർ ജോണിന്റെ നന്ദി പ്രകാശനത്തോടെ സമാപിച്ചു.

ഇതുവരെയായി 67 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 65 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 4 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**പ്രോ-ലൈഫ്**

മെയ് 27 ഞായറാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ കെ.സി.ബി.സി. യും തിരുവനന്തപുരം ലത്തീൻ അതിരൂപതയുമായി ചേർന്ന് "കെ. സി. ബി. സി. പ്രോലൈഫ് ഫോർ ഡോക്ടേഴ്സ് ആൻഡ് റിസോഴ്സ് പേഴ്സൻസ്" എന്ന സെമിനാർ സംഘടിപ്പിച്ചു. വിവിധ രൂപതകളിൽ നിന്നായി ആരോഗ്യപ്രവർത്തകരും സാമൂഹ്യപ്രവർത്തകരുമായ 100 ൽ അധികം വ്യക്തികൾ പങ്കെടുത്തു.

ഡോ. ടോണി ജോസഫ് ഡി (ഡിസ്ട്രിക് ഹോസ്പിറ്റൽ, പാലക്കാട്), ഡോ, അബ്രഹാം ജേക്കബ് (മരിയൻ പ്രോലൈഫ് താമരശ്ശേരി) ഡോ. ഫിന്റോ ഫ്രാൻസിസ് (കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്, കുഴിക്കാട്ടുശ്ശേരി) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

മെയ് 7, 8, 9 തീയതികളിൽ നടന്ന കോഴ്സിൽ 60 പെൺകുട്ടികളും 55 ആൺകുട്ടികളും  മെയ് 25, 26, 27 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 44 ആൺകുട്ടികളും 50 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

കുടുംബപ്രേഷിത ശുശ്രൂഷയുടെ ഭാഗമായി പ്രവർത്തിക്കുന്ന ആർ സി മാട്രിമോണിയുടെ പുതുക്കിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ റവ. ഡോ. ക്രിസ്തുദാസ് 25/2/2018 ന് നിർവ്വഹിച്ചു. ഓൺലൈൻ രജിസ്ട്രേഷനോടൊപ്പം ഓൺലൈൻ ക്യാഷ് പേയ്മെന്റും ഇതു വഴി സാധ്യമാകുന്നു. എവിടെയിരുന്നു കൊണ്ടായാലും രജിസ്റ്റർ ചെയ്യാനും, ജീവിതപങ്കാളിയെ കണ്ടെത്താനും സാധിക്കുന്ന രീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നത്.

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 23 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

**അറിയിപ്പുകൾ**

**വിവാഹ ഒരുക്കസെമിനാർ**
2018 ജൂൺ 8, 9, 10
2018 ജൂൺ18, 19, 20



# യുവജന ശുശ്രൂഷ

**'യൂത്ത് സർവ്വെ 2K18'**

അതിരൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും സ്ഥിതിവിവര കണക്ക് ശേഖരിക്കുക എന്ന ലക്ഷ്യത്തോടു കൂടി അതിരൂപതയിലെ ഇടവകകളിലെ മുഴുവൻ യുവജന പ്രതിനിധികൾക്കായി യൂത്ത് സർവ്വെ എങ്ങനെ എടു ക്കണമെന്നുള്ള ഏകദിന പരിശീലനം വെള്ളയ മ്പലം ആനിമേഷൻ സെന്ററിൽ വച്ച് 2018, ഏപ്രിൽ 29 ന് നടത്തി. യുവജന വർഷത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിക്കൊണ്ട് നടത്തിയ "യൂത്ത് സർവ്വെ 2K18" അതിരൂപത കെ.സി. വൈ.എം. ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസ് ഉത്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോണി. എം.എ. യുടെ അദ്ധ്യക്ഷതയിൽ കൂടിയ പരിശീലനത്തിൽ 230 ഓളം യുവജനങ്ങൾ പങ്കെടുത്തു. KCYM ദേശീയ ജനറൽ സെക്രട്ടറി പോൾ ജോസ് പരിശീലനത്തിന് നേതൃത്വം നൽകി.

**ഫലസമൃദ്ധി**

പ്രകൃതിയെ സംരക്ഷിക്കുക, ജീവൻ നിലനിർത്തുക എന്ന ലക്ഷ്യത്തോടു കൂടി കെ.സി.വൈ.എം. സംസ്ഥാന സമിതിയും യുവജന അന്താരാഷ്ട്ര സംഘടനയായ മിജാർക്കിന്റെ (MIJARC) യും നേതൃത്വത്തിൽ നടത്തിവരുന്ന ഫലസമൃദ്ധി 2018 എന്ന പരിസ്ഥിതി ബോധവൽക്കരണത്തിന്റെയും തൈവിതരണത്തിന്റെയും ഉദ്ഘാടനം 2018, ഏപ്രിൽ 29 ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ.എം.എ. ജോണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അതിരൂപതാ

ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ്, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ.ഇമ്മാനുവേൽ മൈക്കിൾ, ICYM നാഷണൽ ജനറൽ സെക്രട്ടറി പോൾ ജോസ്, മിജാർക്ക് കോഡിനേറ്റർ ശ്രീ.സിറിയക് ചാഴിക്കാടൻ, അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ.സന്തോഷ് കുമാർ, ആനിമേറ്റർ സി.ലിസ്ന ജോർജ്ജ്, അതിരൂപത ജനറൽ സെക്രട്ടറി അജിത് പൊഴിയൂർ എന്നിവർ സംസാരിച്ചു.

**ലാമ്പ്:**

കെ.സി.വൈ.എം. അതിരൂപത സമിതി വളരെ ഗൗരവത്തോടു കൂടി, തെരഞ്ഞെടുക്കപ്പെട്ട 48 യുവജനങ്ങൾക്കായി നടത്തിവരുന്ന 6 മാസത്തെ സർട്ടിഫൈഡ് ഡിപ്ലോമാ കോഴ്സായ LAMP (Leadership Awareness & Motivation Programme) ന്റെ 4-ാമത് സെഷൻ മേയ് 11, 12, 13 തീയതികളിലായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. ഈ സെഷനിൽ ഗർഭഛിദ്രം, ദയാവധം എന്നീ വിഷയത്തിലുള്ള സഭാനിലപാടിനെ കുറിച്ച് ഫാ.റിച്ചാർഡ്, നേതൃത്വ പരിശീലനത്തെ കുറിച്ച് ജോണി.എം.എ, കെ.സി.വൈ.എം. - എൽ.സി.വൈ.എം. നെ കുറിച്ച് ശ്രീ. അജിത് പൊഴിയൂർ, Time Management നെ കുറിച്ച് ഫാ.എ.ആർ ജോൺ, പ്രാർത്ഥനയുടെ മഹത്വത്തെ കുറിച്ച് ജോഷി റോബർട്ട്, Finance Management നെ കുറിച്ച് ശ്രീ. നിക്സൺ ലോപ്പസ്, നിയമ വിഷയങ്ങൾ അഡ്വ. വിജയകുമാർ തുടങ്ങിയവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

**തെയ്സെ ഈവ് (Taize Eve)**

'യുവജന വിശ്വാസം വിളി സംബന്ധമായ വിവേചിച്ചറിയൽ' എന്ന യുവജനവർഷ ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട്



അതിരൂപതയിലെ യുവജനങ്ങൾക്കായ് ജൂൺ 3-ാം തീയതി പള്ളിത്തുറ മൈതാനത്തു വച്ച് നടത്തുവാനിരിക്കുന്ന കെ.സി.വൈ.എം. ന്റെ തനത് പ്രാർത്ഥനാ രീതിയായ തെയ്സെ പ്രാർത്ഥനയ്ക്ക് വേണ്ടുന്ന ഒരുക്ക യോഗങ്ങൾ നടന്നുവരുന്നു. കെ.സി.വൈ.എം., ജീസസ് യൂത്ത് എന്നീ സംഘടനകളിൽ പ്രവർത്തിക്കുന്നവരെയും മറ്റ് യുവജനങ്ങളെയും കോർത്തിണക്കി ക്കൊണ്ട് നടത്തുവാൻ പോകുന്ന സംഗീത പ്രാർത്ഥനയ്ക്കായി പുതുക്കുറിച്ചി ഫെറോനയിലെ മുഴുവൻ യുവജന പ്രതിനിധികളും അതിരൂപതാ സമിതിയും തെയ്സെ ഈവ് നയിക്കുന്ന തെയ്സെ പ്രയർ ടീം അംഗങ്ങളും ചേർന്നുള്ള മൂന്ന് യോഗങ്ങൾ പള്ളിത്തുറ ഇടവകയിൽ വച്ച് സംഘടിപ്പിച്ചു.

**കെ സി വൈ എം ജനറൽ ബോഡി യോഗം:**

ചെറിയതുറ ഇടവകയിൽ 6-ാം തിയതി ഞായറാഴ്ച ജനറൽ ബോഡി യോഗം കെ സി വൈ എം ഡയറക്ടർ ജെറോം അച്ചന്റെ നേതൃത്വത്തിൽ നടന്നു. ജൂൺ മാസം 3-ാം തിയതി പുതിയതുറ വച്ചു നടക്കുന്ന തേസേ ഈവ് പ്രാർത്ഥന കൂട്ടയ്മയിൽ യുവാക്കളെ പങ്കെടുപ്പിക്കുക, കെ സി വൈ എം സർവ്വേ ഓരോ ഇടവകയിൽ നിന്നും കളക്ട് ചെയ്യുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. ഈ മീറ്റിംഗിൽ വിദ്യാഭ്യാസ ആനിമേറ്റർ പങ്കെടുത്തു.

# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനതലം:**

ഫെറോനാ വിദ്യാഭ്യാസ സമിതി യോഗം കോഡിനേറ്റർ ബിജിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഏപ്രിൽ 28-ാം തീയതി കരിയർ ഗൈഡൻസ് ക്ലാസ് അഞ്ചുതെങ്ങ് ഫെറോനാസെന്ററിൽ വച്ച് രാവിലെ 9.30 - 1 മണി വരെ നടത്തി. യൂണിവേഴ്സിറ്റി എംപ്ലോയിമെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിലെ 4 അധ്യാപകർ ക്ലാസ് നയിച്ചു. 30 കുട്ടികൾ പങ്കെടുത്തു.

വിദ്യാഭ്യാസ സമിതിയും മാധ്യമ കമ്മീഷനും സംയുക്തമായി മെയ് 4,5 തീയതികളിൽ 2 ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചന, പെയിന്റിംഗ് എന്നിവയുടെ ക്യാമ്പ് കുട്ടികൾക്കായി സംഘടിപ്പിച്ചു. രാവിലെ 9.30 - 3.30 വരെയാണ് പരിശീലനം നൽകിയത്. വിവിധ ഇടവകകളിൽ നിന്നും 22 കുട്ടികൾ പങ്കെടുത്തു. ശ്രീ.സജിത്, ശ്രീ.വർഗ്ഗീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഇടവകാതലം**

അഞ്ചുതെങ്ങ്, ചമ്പാവ്, വെന്നിക്കോട് എന്നീ ഇടവകകളിൽ അവധിക്കാല സംഗമം സംഘടിപ്പിച്ചു. നേതൃത്വ പരിശീലനം, ത്രിഭാഷ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവ ഉൾപ്പെ ടുത്തി. ചമ്പാവ് വിദ്യാർത്ഥികൾക്കായി ധ്യാനം സംഘടിപ്പിച്ചു.

**ഫാ. ബിജിൻ ബെസ്‌ലി** — കോഓർഡിനേറ്റർ
**ഗ്ലാഡിസ് ജെയിംസ്** — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയോഗം കഴക്കൂട്ടം സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് നടന്നു. ഫെറോന വികാരി മോൺ. ജോർജ്ജ് പോൾ, വിദ്യാഭ്യാസ കോർഡിനേറ്റർ



തോമസ് ഡി എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി. 2017-18 വർഷത്തെ പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കി. 23-4-2018 ൽ ഫെറോന സമിതിയോഗം കഴക്കൂട്ടം ഫെറോന സെന്ററായ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ചു കൂടി. ഫെറോനയിലെ ഇടവകകളുടെ പ്ലാൻ & ബഡ്ജറ്റ് അംഗീകരിച്ചു. അടുത്ത പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്തു.

**ഫാ. ഡി. തോമസ്** — കോഓർഡിനേറ്റർ
**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

## വലിയതുറ ഫെറോന

**ഫെറോനാതല പ്രവർത്തനങ്ങൾ**

ജി.കെ.കോമ്പറ്റീഷൻ: മെയ് 9 ന് നടത്തി. 5 ഇടവകകൾ (കണ്ണാന്തുറ, വെട്ടുകാട്, ചെറുവെട്ടുകാട്, കൊച്ചുവേളി, ചെറിയതുറ) പങ്കെടുത്തു. പരിപാടി നയിച്ചത് വെട്ടുകാട് ഇടവകയിൽ നിന്നമുള്ള ആൻസൺ ആയിരുന്നു. സമ്മാനാർഹരായ വെട്ടുകാട്, കൊച്ചുവേളി, ചെറിയതുറ ഇടവകാംഗങ്ങൾക്ക് ഫെറോനാ വികാരി സൈറസച്ചൻ സമ്മാനങ്ങൾ നല്കി.

2. ചിത്രരചന, കവിത, ഉപന്യാസം: എന്നീ കലാമ്തസരങ്ങളും മെയ് 19 കണ്ണാന്തുറ എൽ പി സ്ക്കൂളിൽ വച്ച് എൽ കെ ജി മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കായി നടത്തി. അർഹരായവർക്ക് സമ്മാനങ്ങൾ ഇനി നൽകുന്നതാണ്.

**വലിയതുറ ഫെറോന** 2018-19 ലെ പദ്ധതി ഇപ്രകാരം റ്റി റ്റി സി, ബിഎഡ് കൗൺസിലുകൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥിക ൾക്കായി ക്ലാസ്സുകൾ ജൂൺ മാസം 8-ാം തിയതി മുതൽ ആരംഭിക്കാൻ തീരുമാനിച്ചു. 30 ഉദ്യോഗാർത്ഥികൾ പേരുകൾ രജിസ്റ്റർ ചെയ്തു.

**ഫെറോനാതലയോഗം:** മെയ് 2ന് കൂടിയ സമിതി മെയ് മാസം നടത്തേണ്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള ക്രമീകരണ ങ്ങൾ നടത്തി. പുതുതായി ചാർജ്ജെടുക്കുന്ന വൈദിക കോർഡി

നേറ്റർ ദിലീപച്ചന്റെ നേതൃത്വത്തിൽ ഫെറോനാസമിതി യോഗം കൂടി. വെട്ടുകാട്, ചെറുവെട്ടുകാട്, കൊച്ചുവേളി, കണ്ണാന്തുറ, ചെറിയ തുറ, തോപ്പ് എന്നീ ഇടവകകളിൽ നിന്നുമുള്ള കൺവീനർമാർ പങ്കെടുത്തു.

**ഇടവകതല പ്രവർത്തനങ്ങൾ**

**വലിയതുറ**: എല്ലാ ശനി, ഞായർ ദിവസങ്ങളിൽ പി എസ് സി കോച്ചിങ് 4.30 മുതൽ 6.30 വരെ നടന്നുവരുന്നു. അവധിക്കാല സംഗമം ഇടവകതലത്തിൽ നടത്തി. 306 കുട്ടികൾ പങ്കെടുത്തു.

കൊച്ചുതോപ്പ്: അവധിക്കാല സംഗമം സംഘടിപ്പിച്ചു.

ചെറിയതുറ, സെന്റ് സേവ്യഴ്സ്, തോപ്പ്, കണ്ണാന്തുറ, ചെറുവെട്ടുകാട്, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ ക്രമീകരിച്ചു.

**ഓഖി പ്രവർത്തനങ്ങൾ**: ഓഖിയുമായ് ബന്ധപ്പെട്ട കുട്ടികളുടെ വിദ്യാഭ്യായസപരമായയ ലിസ്റ്റ് ശേഖരിക്കുകയുണ്ടായി. ഇവരുടെ ഭവന സന്ദർശനം നടത്തി നിലവാരം ശേഖരിക്കുകയുണ്ടായി.

## കോവളം ഫെറോന

**ഫെറോനതല യോഗം**

ഏപ്രിൽ മാസത്തിൽ കോവളം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ഫെറോനതല വിദ്യാഭ്യാസ യോഗം കൂടി. ഏപ്രിൽ, മെയ് മാസങ്ങളിലെ ഇടവക പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച സംഘടിപ്പിച്ചു. കോർഡിനേറ്റർ അച്ചന്റെ അഭാവത്തിൽ കൂടിയ യോഗം, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ഫെറോനതല ത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു.

**ഇടവകതല പ്രവർത്തനങ്ങൾ**

**വിഴിഞ്ഞം:** വിഴിഞ്ഞം ഇടവകയിൽ എസ്എസ്എൽസി, +2, ഡിഗ്രി വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സ് ഇടവക വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. 85



വിദ്യാർത്ഥികൾ പങ്കെടുത്തു. വിഴിഞ്ഞം സെന്റ് മേരീസ് സ്ക്കൂളിൽ നടന്ന പ്രസ്തുത ക്ലാസ്സിൽ വിദ്യാർത്ഥികൾക്ക് സംശയ നിവാരണ ത്തിന് അവസരം നൽകി. വിദ്യാർത്ഥികളിൽ ലക്ഷ്യബോധം സൃഷ്ടിക്കാൻ സാധിച്ചു.

ഓഖി ദുരന്ത ബാധിത പ്രദേശമായ വിഴിഞ്ഞം, പൂന്തുറയിലെ വിദ്യാർത്ഥികൾക്ക് ക്യാമ്പ് സംഘടിപ്പിച്ചു.

4-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയും 8 മുതൽ ഡിഗ്രി വരെയുമുള്ള സെക്ഷനുകളിലായി ക്യാമ്പ് സംഘടിപ്പിച്ചു. രാജഗിരി കോളേജിലെ അധ്യാപകരും രൂപത വിദ്യാഭ്യാസ ശുശ്രൂഷസമിതി അംഗങ്ങളും സംയുക്തമായി നടത്തിയ ക്യാമ്പിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മാതാപിതാക്കളുടെയും കുട്ടികളുടെയും സംയുക്തയോഗം വിളിച്ചുകൂട്ടി. അവരുടെ ഇപ്പോഴത്തെ ജീവിതരീതിയും അവസ്ഥയും മനസ്സിലാക്കി, ശേഷം 4,5 തീയതികളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായും ക്യാമ്പ് മുന്നോട്ട് നയിക്കാനുതകുന്ന രീതിയിലുള്ള ക്ലാസ്സ് അധ്യാപകർക്ക് കോവളം ആനിമേഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. 15,16,17 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് 9 മുതൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് ക്യാമ്പ് സംഘടിപ്പിച്ചു.

**പൂന്തുറ:** ഓഖിയിൽ ബാധിക്കപ്പെട്ട കുടുംബത്തിലെ വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരിക്കുകയും വിദ്യാർത്ഥികളുടെ വീട് സന്ദർശിച്ചു. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ലിസ്റ്റ് എടുത്തു. പൂന്തുറ വേൾഡ് മിഷന്റെയും വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെയും നേതൃത്വത്തിൽ അവധിക്കാല സംഗമം സംഘടിപ്പിച്ചു. സംഗമത്തിൽ 68 വിദ്യാർത്ഥികളും 12 അധ്യാപകരും പങ്കെടുത്തു. പഠനത്തിനു പുറമെ കലാ-കായിക വാസനകൾക്ക് മുൻതൂക്കം നൽകിയായിരുന്നു ക്ലാസ്സുകൾ നയിച്ചിരുന്നത്.

**ഷൈജ ആന്റണി**

ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് യോഗം മെയ് 10 ന് കോ-ഓർഡിനേറ്റർ ഫാ.ജെറാൾഡ് സാവിയോയുടെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ഫെറോന പദ്ധതി-ബജറ്റ് അടിസ്ഥാനത്തിൽ കരിയർ ഗൈഡൻസ്, കെ-റ്റെറ്റ് പരിശീലനം, ഡിഫൻസ് പരിശീലനം പിഎസ്സി എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

സമിതി യോഗ തീരുമാനമനുസരിച്ച് മെയ് 14 ൽ കരിയർ ഗൈഡൻസ് ക്ലാസ്സ് പുല്ലുവിള ഇടവകയിൽ വച്ച് സംഘടിപ്പിച്ചു. എസ്എസ്എൽസി, +2 വിഭാഗത്തിലെ 69 വിദ്യാർത്ഥികളും, 48 മാതാപിതാക്കളും പങ്കെടുത്ത ക്ലാസ്സിൽ വിദ്യാർത്ഥികളുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുക, തൊഴിൽമേഖലകൾ കണ്ടെത്തുക, സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങൾ, മാതാപിതാക്കളുടെ ഉത്തരവാദിത്വം വിദ്യാഭ്യാസ ത്തിൽ പിഎസ്സി മേഖലയിൽ എപ്രകാരം കയറിപറ്റാം തുടങ്ങിയവയെക്കുറിച്ച് ദൃശ്യമാധ്യമത്തിന്റെ സഹായത്തോടുകൂടി ലെവിൻ എസ് കുമാറിന്റെ നേതൃത്വത്തിൽ ക്ലാസ്സ് നയിച്ചു.

കെ.റ്റെറ്റ് പരിശീലനം: റ്റിറ്റിസി, ബിഎഡ് പാസ്സായ ഉദ്യോഗാർത്ഥികൾക്കായി കെ.റ്റെറ്റ് പരിശീലനം മൂന്നാമത്തെ ബാച്ചിനായി 21.5.18 ൽ ആരംഭിച്ചു. 21 ഉദ്യോഗാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നു. ശ്രീ.ദിദീഷ് സർ ക്ലാസ്സിന് നേതൃത്വം വഹിക്കുന്നു. ഡിഫൻസ് പരിശീലനം 28.5.18 ൽ ആരംഭിക്കുന്നതിനുള്ള ക്രമീകരണം നടന്നുവരുന്നു.

തുടർപരിപാടി: ഫെറോനതലത്തിൽ സംഘടിപ്പിച്ചുവരുന്ന "സിവിൽ സർവ്വീസ് ഫൗണ്ടേഷൻ" പരിശീലനത്തിൽ ഈ മാസം 4 ക്ലാസ്സുകൾ സംഘടിക്കുന്നതിന് നളന്ദ സിവിൽസർവ്വീസ് അക്കാഡമി യാണ് പരിശീലനത്തിന്" നേതൃത്വം വഹിക്കുന്നത്.



രാജഗിരി കോളേജിലെ അദ്ധ്യാപകരും, അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയും സംയുക്തമായി ഓഖി ദുരന്തത്തിൽ മരിച്ച രക്ഷകർത്താവിന്റെ മക്കൾക്കായി 4,5 തീയതികളിലും, കോവളം ആനിമേഷൻ സെന്ററിൽ വച്ചും,11,12 തീയതികളിൽ വിഴിഞ്ഞം സ്ക്കൂളിൽ വച്ച് സംഘടിപ്പിച്ച ക്യാമ്പിൽ പുല്ലുവിള ഫെറോനയിൽ നിന്നും പരുത്തിയൂർ, കൊല്ലംങ്കോട് എന്നീ ഇടവകകളിൽ നിന്ന് യുപി വിഭാഗത്തിലെ 5 വിദ്യാർത്ഥകളേയും പരുത്തിയൂർ ഇടവകയിൽ നിന്നും ഒരു ആനിമേറ്ററിനേയും പങ്കെടുപ്പിച്ചു.

**ഇടവകാതലം**: പുല്ലുവിള, കരുംകുളം, പൂവാർ, പരുത്തിയൂർ, നമ്പ്യാതി എന്നീ ഇടവകകളിൽ സമിതിയോഗം സംഘടിപ്പിച്ചു. പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ മെയ് മാസത്തിൽ സംഘടിപ്പിച്ചു.

**പുല്ലുവിള:** ഇടവകയിൽ അവധിക്കാല ക്ലാസ്സുകൾ ഏപ്രിൽ മാസം 2-ാം തീയതി ആരംഭിച്ചു. 18.5.18 ൽ അവസാനിച്ചു. 315 വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലനത്തിൽ നേതൃത്വ പരിശീലനം, മൂല്യബോധനം, ചിത്രരചന, ത്രിഭാഷാ പരിശീലനം എന്നിവ നൽകാൻ കഴിഞ്ഞു.

**നമ്പ്യാതി** ഇടവകയിൽ പി എസ് സി പരിശീലനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഹിന്ദിഗ്രാമർ, ഇംഗ്ലീഷ്ഗ്രാമർ, ഓർഗൺ, മ്യൂസിക് എന്നിവ സംഘടിപ്പിച്ചു. 30 വിദ്യാർത്ഥികൾ പരിശീലനത്തിന് പങ്കെടുത്തു. ഏപ്രിൽ 10-ാം തീയതി ആരംഭിച്ച പരിശീലനം 20.5.18 ൽ അവസാനിച്ചു. പി എസ് സി പരിശീലനം തുടർ പരിപാടിയാണ്.

പൂവാർ ഇടവകയിൽ ഏപ്രിൽ 10-ാം തിയതി മുതൽ 20,5.18 വരെ ത്രിഭാഷ പരിശീലനം 35 വിദ്യാർത്ഥികൾക്ക് നൽകി. എൽ.പി, യു.പി, എച്ച്.എസ് വിഭാഗത്തിൽ നിന്നും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തിയാണ് പ്രസ്തുത പരിശീലനം നൽകിയത്.

**അടിമലത്തുറ ഇടവകയിൽ:** 9.4.18 ൽ ആരംഭിച്ച അവധിക്കാല പരിശീലനം 10.5.18 ൽ അവസാനിച്ചു. 173 വിദ്യാർത്ഥികൾ പങ്കെടുത്ത അവധിക്കാല പരിശീലനത്തിൽ ചിത്രരചന, പെയിന്റിംഗ്, നേതൃത്വ പരിശീലനം എന്നിവ സംഘടിപ്പിച്ചു. 73 വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിശീലനം നൽകി.

**പുല്ലുവിള** ഇടവകയിൽ 29.4.18 ൽ +2, ഡിഗ്രി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് "വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, തൊഴിൽ മേഖലകൾ ഏതൊക്കെ, മാതാപിതാക്കളുടെ ഉത്തരവാദിത്വം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ശ്രീ നോബിൻ സാർ ക്ലാസ്സ് നയിച്ചു. 74 മാതാപിതാക്കൾ പരിശീലനത്തിൽ പങ്കെടുത്തു.

**ഫാ. ജെറാൾഡ് സാവിയോ** — **മേരിത്രേസ്യാ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോനതലം:**

ഏപ്രിൽ 3 ന് വിദ്യാഭ്യാസ കോർഡിനേറ്റർ സേവ്യർ അച്ചന്റെ നേതൃത്വത്തിൽ കൂടിയ ഫെറോനതല യോഗം ഏപ്രിൽ-മെയ് മാസങ്ങളിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

ഇടവകാതലം

കരിയർ ഗൈഡൻസ് ക്ലാസ്സ്: വള്ളവിള സെന്റ് ജോസഫ് സ്ക്കൂളിൽ വച്ച് 30-ാം തീയതി 55 വിദ്യാർത്ഥികളും മാതാപിതാക്കൾക്കുമായി ക്ലാസ്സ് സംഘടിപ്പിച്ചു.

മാർത്താണ്ഡംത്തുറ ഇടവകയിൽ സെന്റ് അലോഷ്യസ് സ്ക്കൂളിൽ വച്ച് 80 വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കുന്നു.

ഈപ്പിത്തുറൈ: സെന്റ് ജോസഫ്സ് സ്ക്കൂളിൽ വച്ച് വിദ്യാർത്ഥികളും മാതാപിതാക്കളുമടങ്ങുന്ന 42 പേർക്ക് ക്ലാസ്സ് സംഘടിപ്പിച്ചു.

നീരോടി: കരിയർ ഗൈഡൻസ് & കൗൺസലിങ് ക്ലാസ്സുകൾ വിദ്യാർത്ഥികളും മാതാപിതാക്കളുമടങ്ങുന്ന 45 പേർക്ക് ഫലപ്രദമായ രീതിയിൽ ക്ലാസ്സുകൾ നൽകി.

അവധിക്കാല സംഗമം: അവധിക്കാല സംഗമത്തിൽ വള്ളവിള (245) നീരോടി (180) ഈപ്പിത്തുറൈ (108) എന്നിങ്ങനെ വിദ്യാർത്ഥികൾ പങ്കെടുത്തു. പഠനം കലാവാസനകൾ വളർത്തൽ എന്നിവയിൽ ക്ലാസ്സുകൾ നൽകി.

സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്: ഉപരിപഠനത്തിനുതകുന്ന രീതിയിൽ ഇംഗ്ലീഷ് പ്രാവീണ്യം വളർത്തുന്നതിനായി വള്ളവിള (120) നീരോടി(94) ഇ പി തുറൈ (60)

ഓഖി ദുരന്ത ബാധിത വിദ്യാർത്ഥികൾ എന്നിവർക്കായി ക്യാമ്പ് പരിശീലനം നൽകി.

4,5 തീയതികളിൽ ഓഖി ദുരന്തബാധിത മാതാപിതാക്കളുടെ വിദ്യാർത്ഥികൾക്ക് ക്യാമ്പ്. വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് മുൻഗണന നൽകിയുള്ള ക്ലാസ്സുകൾ നൽകി.

# സാമൂഹ്യശുശ്രൂഷ

## പേട്ട ഫൊറോന

**ഫൊറോനതലം**

**നീതി, സമാധാനം, വികസനം, കാര്യശേഷിവികസനം**

റ്റി.എസ്.എസ്.എസ് ഫൊറോന എക്സിക്യൂട്ടീവ് യോഗം 15/4, 6/5 തീയതികളിൽ ഫൊറോന വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ഇടവകാതല പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

14/4 രൂപതാ റ്റിഎസ്എസ്എസ് ജനറൽ ബോഡി യോഗത്തിൽ ഫൊറോനയുടെ വാർഷിക റിപ്പോർട്ട് ഫൊറോന സെക്രട്ടറി അവതരിപ്പിച്ചു. 21/4 ഡിഎഫ്എസ് കോൺഫറൻസ് ഹാളിൽ റ്റിഎസ്എസ്എസ് സെക്രട്ടറിമാർക്കുവേണ്ടി രൂപതാതലത്തിൽ സംഘടിപ്പിച്ച സെക്രട്ടറിമാരുടെ യോഗത്തിൽ ഫൊറോനയിലെ ഏഴ് ഇടവകയിൽ നിന്നും സെക്രട്ടറിമാർ പങ്കെടുത്തു.

ഫൊറോന പ്രവർത്തകരുടെ യോഗം 8/4, 6/5 എന്നീ തീയതികളിൽ കുമാരപുരം കോൺഫറൻസ് ഹാളിൽ വച്ചു നടന്നു. ഫൊറോനയുടെ ചൈൽഡ് പാർലമെന്റ് പ്രവർത്തനങ്ങളുടെ ഇടവകാതല റിപ്പോർട്ട് അവതരണം നടന്നു. മൺവിള, ചെറുവക്കൽ ഇടവകയിലെ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് നേതൃത്വം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ കഴിവു മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ ധാരണയായി.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും: എസ്എച്ച്ജി ഫൊറോന ഫെഡറേഷൻ യോഗം 13/4, 10/5 എന്നീ തീയതികളിൽ നടന്നു. ഫൊറോന എസ്എച്ച്ജി പ്രസിഡന്റിന്റെ



അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇടവകാതല പ്രവർത്തനങ്ങൾ വിലയിരുത്തി. മെയ് മാസത്തിൽ മാതൃദിനത്തിന്റെ ഭാഗമായി വിനോദയാത്ര സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

വിനോദയാത്ര - 11/5 ഫൊറോനയിലെ എസ്എച്ച്ജി അംഗങ്ങളെ ഉൾപ്പെടുത്തി പാലരുവി, തെൻമല, കുറ്റാലം എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

എസ്എച്ച്ജി വാർഷികം - 8/418 - പോങ്ങുംമൂട് ഇടവകയിലെ ദർശൻ -സ്വയം സഹായ സംഘം ഫൊറോന ആനിമേറ്ററിന്റെ സാന്നിധ്യത്തിൽ ഇടവക പാരീഷ് ഹാളിൽ വച്ചു സംഘടിപ്പിച്ചു. ഒരു വർഷത്തെ റിപ്പോർട്ട് അവതരണം, കണക്ക് അവതരണം സെക്രട്ടറി അവതരിപ്പിച്ചു. സ്നേഹവിരുന്നോടുകൂടി വാർഷികം സമാപിച്ചു.

ഏപ്രിൽ മാസത്തെ നിക്ഷേപത്തിൽ നിന്നും 5 സംഘങ്ങൾ ആറ് വ്യക്തികൾക്ക് 1,45,000/- രൂപ ലോൺ നൽകി.

**അടിസ്ഥാന സൗകര്യവികസനം** - എസ്എഫ്പി യുടെ ധനസഹായത്തോടെ പോങ്ങുംമൂട്, മുട്ടട എന്നീ ഇടവകയിലെ രണ്ടു ഭവനങ്ങളുടെയും പണി അവസാന ഘട്ടത്തിലാണ്.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ** : ഫൊറോനയിലെ നിർധനരായ 26 കുടുംബങ്ങൾക്ക് ബിസിസി കുടുംബോദ്ധാരണ പദ്ധതിയുടെ ഭാഗമായി പ്രസ്തുത കുടുംബങ്ങളുടെ പുരോഗതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ രൂപതാ റ്റിഎസ്എസ്എസ്സിൽ നിന്നും പ്രതിമാസം 23,400/ രൂപ വീതം 26 കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

**തൊഴിൽകാര്യ കമ്മീഷൻ**

ഇതരതൊഴിലാളി ക്ഷേമവും, കാർഷികമേഖലയും - കെ.എൽ.എം ഫൊറോന യോഗം 21/4, 20/5 എന്നീ തീയിതകളിൽ നടന്നു. കെ.എൽ.എം ഫൊറോന പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടന്ന

യോഗത്തിൽ ഇടവകാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

കർഷക തൊഴിലാളിക്ഷേമനിധി രജിസ്ട്രേഷൻ - 11/4-പൗഡിക്കോണം നാഷണൽ ഹാളിൽ വച്ചു പ്രാദേശിക തലത്തിൽ സംഘടിപ്പിച്ച പ്രോഗ്രാമിൽ ഫെറോനയിൽ നിന്നും 14 അംഗങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമിനിധി ബോർഡിൽ രജിസ്ട്രേഷൻ ഉറപ്പുവരുത്തി.

ലേബർസൺഡേ ദിനാചരണം: 29/4 - ലേബർ സൺഡേ ദിനാചരണത്തിന്റെ ഭാഗമായി ഫെറോനയിൽ കെഎൽഎം ഉള്ള എല്ലാ ഇടവകയിലും കെഎൽഎം ഫോറത്തിലെ അംഗങ്ങൾ അന്നേ ദിനസത്തെ ദിവ്യബലിയുടെ ആമുഖാവതരണം, വിശ്വാസികളുടെ പ്രാർത്ഥന, ലേഖനവായന, കാഴ്ചവയ്പ്പ് എന്നിവക്കു നേതൃത്വം വഹിച്ചു. ദിവ്യബലിക്കുശേഷം ഇടവക വികാരിമാരുടെ നേതൃത്വത്തിൽ കെഎൽഎം പതാക ഉയർത്തി ലേബർ സൺഡേ ദിനം ആചരിച്ചു.

**തൊഴിലാളി ദിനാചരണം**: 1/5/18 ന് രൂപതാതലത്തിൽ നടന്ന തൊഴിലാളി ദിനാചരണത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി യായ കുശവർക്കൽ ശ്രീമാൻ വിൽസനെയും തയ്യൽതൊഴിലാളി യായ ചെറുവക്കൽ ശ്രീമതി രജനിയേയും തൊഴിലുപകരണങ്ങൾ രൂപതയിൽ നിന്നും നൽകി ആദരിച്ചു.

**ബോധവൽക്കരണ ക്ലാസ്സ്:** 20/5/2018 കുമാരപുരം കോൺഫറൻസ് ഹാളിൽ വച്ച് ഫെറോനയിലെ വിവിധ ഇടവകയിൽ നിന്നും എത്തിയ 27 കെഎൽഎം അംഗങ്ങൾക്ക് തൊഴിലാളികളുടെ നിയമാവകാശങ്ങളുടെ അവബോധം ലഭ്യമാക്കി. അഡ്വ. സാം ചന്ദ്രബോസ് പ്രസ്തുത ക്ലാസ്സ് നയിച്ചു.

29/4/18 - മുട്ടട പാരീഷ് ഹാളിൽ വച്ചു ഇടവകയിലെ കെഎൽഎം ഫോറത്തിലെ അസംഘടിത തൊഴിലാളികളെ ഉൾപ്പെടുത്തി



അഡ്വ.വീരകുമാർ 38 അംഗങ്ങൾക്ക് തൊഴിലാളികളുടെ നിയമാവ കാശങ്ങൾ എന്ന വിഷയത്തിൽ അവബോധം നൽകി.

**ആരോഗ്യകാര്യ കമ്മീഷൻ** : ലോകാരോഗ്യ ദിനത്തോട് ചേർന്ന് സൗജന്യ നേത്ര പരിശോധന ക്യാമ്പ് - 15/4- ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദൈവാലയത്തിൽ വച്ച് റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ ഉള്ളൂർ അംഹല്യ ഹോസ്പിറ്റലിന്റെ സഹായ ത്തോടെ സംഘടിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത 12 പേർക്ക് കുറഞ്ഞ ചെലവിൽ തിമിര ശസ്ത്രക്രിയയുടെ സേവനവും 5 വ്യക്തികൾക്ക് പ്രസ്തുത ഹോസപിറ്റലിൽ തുടർ പരിശോധനയ്ക്കുള്ള അവസരവും ലഭ്യമാക്കി. 83 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത ക്യാമ്പുകൾ ഇടവകവികാരി റവ.ഫാ.ബിനു അലക്സ് ഉദ്ഘാടനം ചെയ്തു.

**സൗജന്യ ബി.പി.പരിശോധന ക്യാമ്പ്**: ലോകാരോഗ്യദിനാചരണ ത്തിന്റെ ഭാഗമായി പുഷ്പഗിരി ഇടവക റ്റിഎസ്എസ്എസ് പരിശോധന ക്യാമ്പ് 8/4/2018 മുൻ ഇടവകവികാരി റവ.ഫാ.അഗസ്റ്റിൻ ജോണിന്റെ ഉദ്ഘാടനത്തോടെ നടന്നു. ഡോ. ഗോമസ് പരിശോധനക്ക് നേതൃത്വം വഹിച്ച ക്യാമ്പിൽ ദിവ്യപ്രഭ ഹോസ്പിറ്റൽ നഴ്സിന്റെ സേവനവും ലഭ്യമാക്കി. പരിശോധനയിൽ മരുന്നു ആവശ്യമുള്ളവർക്ക് മരുന്നും റഫർ ചെയ്തു.

തിമിര ശസ്ത്രക്രിയയുടെ സേവനവും 5 വ്യക്തികൾക്ക് പ്രസ്തുത ഹോസ്പിറ്റലിൽ തുടർപരിശോധനക്കുള്ള അവസരവും ലഭ്യമാക്കി. 83 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത ക്യാമ്പുകൾ ഇടവക വികാരി റവ.ഫാ.ബിനു അലക്സ് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു.

**സൗജന്യ ബി.പി പരിശോധന ക്യാമ്പ്** - ലോകാരോഗ്യദിനാചരണ ത്തിന്റെ ഭാഗമായി പുഷ്പഗിരി ഇടവക റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ സൗജന്യ ബിപി പരിശോധന ക്യാമ്പ് 8/4/2018

മുൻഇടവകവികാരി റവ.ഫാ. അഗസ്റ്റിൻ ജോണിന്റെ ഉദ്ഘാടന ത്തോടെ നടന്നു. ഡോ. ഗോമസ് പരിശോധനയ്ക്ക് നേതൃത്വം വഹിച്ച ക്യാമ്പിൽ ദിവ്യപ്രഭ ഹോസ്പിറ്റൽ നഴ്സിന്റെ സേവനവും ലഭ്യമാക്കി. പരിശോധനയിൽ മരുന്നു ആവശ്യമുള്ളവ ർക്ക് മരുന്നും റഫർ ചെയ്തു. 64 പേർക്ക് പ്രസ്തുതസേവനം ലഭ്യമായി.

**സൗജന്യ വൈദ്യപരിശോധന**: മുട്ടട ഇടവകയിൽ എല്ലാ ഞായറാഴ്ചയും ദിവ്യബലിക്കുശേഷം ഇടവകയിലെ റിട്ട.ഡോ. ലൂയിസ് വിജയാദരന്റെ നേതൃത്വത്തിൽ സൗജന്യ വൈദ്യപരി ശോധന നടന്നുവരുന്നു. പരിശോധന ആവശ്യമുള്ള രോഗികളെ പരിശോധിച്ച് മരുന്ന് എഴുതി നൽകുകയും തുടർ ചികിത്സ ആവശ്യമുള്ളവരെ ഹോസ്പിറ്റലിൽ റഫർ ചെയ്യുകയും ചെയ്യുന്നു. ബിപി പരിശോധനക്കും സാഹചര്യം ലഭ്യമാക്കുന്നു. ജീവിതശൈലി ബോധവത്ക്കരണ ക്ലാസ്സ് 19/5/18 ന് പേട്ട ഇടവകയിൽ റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ജില്ല മെഡിക്കൽ ഓഫീസർ ശ്രീമാൻ അനിൽകുമാർ നയിച്ച പ്രസ്തുത ക്ലാസ്സിൽ 24 അംഗങ്ങൾ പങ്കെടുത്തു.

**സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രവർത്തനങ്ങൾ**

**ചൈൽഡ് പാർലമെന്റ് പ്രവർത്തനങ്ങൾ**: 15/4/18 മൺവിള ഇടവകയിലെ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് ഇടവകവികാരി റവ.ഫാ.ആൽബർട്ട് യോഗ പരിശീലനം നൽകുകയും ചെയ്തു. പ്രസ്തുത ദിവസം കുട്ടികൾക്ക് ചൈൽഡ് പാർലമെന്റ് വോള ന്റിയറിന്റെ നേതൃത്വത്തിൽ 'ആരോഗ്യപരിപാലനം' എന്ന വിഷയ ത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. 20/5/2018 മൺവിള ഇടവക കോൺഫറൻസ് ഹാളിൽ വച്ച് റ്റിഎസ്എസ്എസ്സിന്റെ നേതൃത്വ ത്തിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്കുവേണ്ടി സ്ക്കിൽ ട്രെയി നിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ഫയൽ ഉണ്ടാക്കുന്നതെ ങ്ങനെ എന്ന് പരിശീലിപ്പിച്ചു. തുടർന്ന് പൂക്കൾ ഉണ്ടാക്കുന്നതിന്റെ



പരിശീലനവും 14 കുട്ടികൾക്ക് ശ്രീമതി സുധാ അഗസ്റ്റിന്റെ നേതൃത്വത്തിൽ നടന്നു.

ചെറുവക്കൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് 27/5 ന് നേതൃത്വം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ ക്ലാസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. കെ.സി.വൈ.എം ചൈൽഡ് പാർലമെന്റ് കുട്ടികളുടെ നേതൃത്വത്തിൽ ഇടവകയിൽ നിന്നും സ്വരൂപിച്ച ഈസ്റ്റർ മുട്ട (200) കുട്ടികളുടെ ക്യാൻസർ ചികിത്സാ സെന്ററിലും പിഎംജി യിൽ പ്രവർത്തിക്കുന്ന അഗതി മന്ദിരത്തിലും സംഭാവന ചെയ്തു.

**ഫാ. ക്രിസ്റ്റഫർ കുരിയാപ്പിള്ളി** — കോഓർഡിനേറ്റർ

**ബിയാട്രിസ് ഗേർട്ടി** — ആനിമേറ്റർ

## അല്മായ ശുശ്രൂഷ

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ എസ്. സി/ എസ്.ടി/ബി..സി കമ്മീഷൻ ആവിഷ്ക്കരിച്ചിട്ടുള്ള ദലിത് ഭവന നിർമ്മാണ സഹായ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള ധന സഹായം അല്മായ ശുശ്രൂഷാ ഡയറക്ടർ എം. ആർക്കാഞ്ചലോ വിതരണം ചെയ്തു. പുതുതായി ഭവനം പണിയുന്ന അഞ്ചു പേർക്കും ഭവനം പുതുക്കിപണിയാൻ സഹായം ആവശ്യപ്പെട്ട നാലുപേർക്കുമാണ് ആദ്യഗഡുവായി 50,000 രൂപ വീതം വിതരണം ചെയ്തത്. യോഗത്തിൽ മലങ്കര അതിരൂപത ഡി.സി.എം.എസ് ഡയറക്ടർ ഫാ. ജോൺ അരീക്കൽ, ഡി.സി.എം.എസ് തിരുവനന്തപുരം അതിരൂപതാ പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ എന്നിവർ പങ്കെടുത്തു.

**ഡി.സി.എം.എസ് അതിരൂപതാ ഭാരവാഹികൾ**

ദലിത് കത്തോലിക്കാ മഹാജനസഭയുടെ 2018-2021 വർഷങ്ങളിലെ തിരുവനന്തപുരം അതിരൂപതാ ഭാരവാഹികളായി താഴെപ്പറയുന്നവരെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| 1. പ്രസിഡന്റ് | - | ജോർജ്ജ് എസ് പള്ളിത്തറ |
| 2. വൈസ്പ്രസിഡന്റ് | - | കമലാസനൻ എം. |
| 3. സെക്രട്ടറി | - | ഫ്രാൻസീസ് വൈ. |
| 4. ജോയിന്റ് സെക്രട്ടറി | - | ജെസ്സി ജോർജ്ജ് |
| 5. ഖജാൻജി | - | എം. സ്റ്റീഫൻ |
| 6. ഓർഗനൈസർ | - | ജോയ് സി. പള്ളിത്തറ |

കമ്മറ്റി അംഗങ്ങളായി ജോയ് തോമസ്, സിന്ധു റോയ്, ഫിലോമിന, പി. ശശിധരൻ, എ. ലേവി, ക്രിസ്റ്റി ബായ്, ഫ്രാൻസീസ് ജെ എന്നിവരെയും തിരഞ്ഞെടുത്തു. സംസ്ഥാന കൗൺസിലേയ്ക്ക് ജോർജ്ജ് പള്ളിത്തറ, കമലാസനൻ, ഫ്രാൻസീസ്, ജെസ്സി, സ്റ്റീഫൻ, ക്രിസ്റ്റി ബായ്, ജോയ് സി. പള്ളിത്തറ എന്നിവരെ തിരഞ്ഞെടുത്തു.



**കെ.എൽ.സി.എ നേതൃയോഗം**

കെ.എൽ.സി.എ ഭാരവാഹികളുടെ സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പ് മെയ് 5-ാം തിയതി എറണാകുളം ആശീർഭവനിൽ നടന്നു.തിരുവനന്തപുരം അതിരൂപതയിൽ നിന്നും ആന്റെണി ആൽബർട്ട്, എം.എ ഫ്രാൻസീസ്, ജോസ് മെസ്മിൻ, പാട്രിക് മൈക്കിൾ, ജോസഫ് ജോൺസൻ, ജോസഫ് പെരേര എന്നിവർ പങ്കെടുത്തു.

**കെ.എൽ.സി.എ യൂണിറ്റ് തിരഞ്ഞെടുപ്പ്**

2018 മെയ് 9 ന് കെ.എൽ.സി.എ പ്രസിഡന്റ് ആന്റണി ആൽബർട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കെ.എൽ.സി.എ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ യൂണിറ്റ്/ ഫെറോന തിരഞ്ഞെടുപ്പുകൾ സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കാൻ തീരുമാനിച്ചു. അതിന് പ്രാരംഭമായി ഓരോ ഫെറോനാ സമിതിയുടെയും യോഗങ്ങൾ വിളിച്ചുകൂട്ടണമെന്നും അതിൽ ഡയറക്ടർ പങ്കെടുക്കുന്നതാണെന്നും അല്മായ ശുശ്രൂഷാ ഡയറക്ടർ അറിയിച്ചു. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഇടവകവികാരിമാർക്ക് കത്ത് അയയ്ക്കാനും തീരുമാനിച്ചു.

**സമന്വയ ബുളളറ്റിനിലെ പ്രസിദ്ധീകരണത്തിന്**

ജൂലൈ മാസത്തെ പ്രസിദ്ധീകരണത്തിനുള്ള ഇനങ്ങൾ ജൂൺ 25 നകം ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു..